**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ജൂൺ 19, തിങ്കൾ

നിയമസഭ രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തിരപ്രമേയം**

മൈത്രി ഭവന നിർമ്മാണ പദ്ധതിയിലെ ധനദുർവിനിയോഗവും ഭവനനിർമ്മാണ ബോർഡിന്റെ ഭരണസ്തംഭനവും സംബന്ധിച്ച്

മി.സ്പീക്കർ: ഭവനനിർമ്മാണ ബോർഡ് മൈത്രി ഭവന പദ്ധതി നടപ്പിലാക്കിയപ്പോൾ ബോർഡ് നൽകുന്ന അക്കൗണ്ട് പേയീ ചെക്കുകൾക്ക് പകരം ക്യാഷായി നൽകിയതിന്റെ ഫലമായി കോടിക്കണക്കിന് രൂപയുടെ ധനദുർവിനിയോഗവും നഷ്ടവും ഉണ്ടായതുമൂലം നബാർഡിനും ഹഡ്കോയ്ക്കുമുള്ള തിരിച്ചടവ് മുടങ്ങിയിരിക്കുന്നതിനാൽ നബാർഡും ഹഡ്കോയും നൽകുന്ന വായ്പ മരവിച്ചതുമൂലം ബോർഡിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലായതും മറ്റു സംസ്ഥാന പദ്ധതികൾക്കുള്ള വായ്പ കിട്ടാത്തതും അനർഹർക്കും ഒരാളിനു തന്നെയും ഒന്നിലധികം വായ്പ നൽകിയതും കേന്ദ്രനിയമത്തെ ധിക്കരിച്ച് വിദേശത്തു നിന്ന് പണം പിരിച്ച് കണക്കിൽ ചേർക്കാതിരിക്കുകയും തുടങ്ങി കുറ്റകരമായ പ്രവൃത്തികൾ

ചെയ്തത് ഇപ്പോൾ വെളിവായതിനെത്തുടർന്ന് സംജാതമായ അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, തോമസ് ചാഴികാടൻ, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ, സി.ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് അടിയന്തിരപ്രമേയത്തിന് റീസന്റായിട്ടുള്ള ഒക്കറനൻസുള്ളതല്ല; ധാരാളം ചർച്ചകൾ നടന്ന ഒരു കാര്യമാണ്.

മുഖ്യമന്ത്രി <u>(ശ്രീ.വി.എസ്.അച്ചുതാനന്ദൻ):</u> ഇക്കാര്യത്തിൽ സർക്കാരിന് ഒന്നും മറച്ചുവയ്ക്കാനില്ല. ഇന്ന് സംസ്ഥാനത്ത് പാർപ്പിട പ്രശ്നം രൂക്ഷമാണ്. അതിന് പരിഹാരം കാണാനുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കേണ്ട ഭവനനിർമ്മാണ ബോർഡിന്റെ വിശ്വസ്തതയെ ദുരുപയോഗപ്പെടുത്തുംവിധം യാതൊന്നും സംഭവിച്ചുകൂടാ എന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. നോട്ടീസിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെപ്പറ്റി സർക്കാർ നടപടിക്രമമനുസരിച്ച് അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. അഞ്ച് കൊല്ലം അധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാർ എന്തുകൊണ്ടാണ് ഈ കാര്യത്തിൽ ശ്രദ്ധ ചെലുത്തി നടപടി സ്വീകരിക്കാത്തത് എന്നുള്ള കാരണം വ്യക്തമല്ല. ഇതിൽ അമാന്തം കാണിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. പി.ജെ. ജോസഫിന് പറയാനുള്ള കാര്യങ്ങൾ കേട്ടശേഷം ഇതു സംബന്ധിച്ച് പറയാം.

<u>ശ്രീ.ആര്യാടൻ മുഹമ്മദ്:</u> റൂൾ 50 അനുസരിച്ച് നോട്ടീസ് കൊടുത്താൽ ബന്ധപ്പെട്ട മന്ത്രി മറുപടി പറയും. ഇവിടെ മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറായ സ്ഥിതിക്ക് മൂന്നാമതൊരാൾക്ക് ഇതു സംബന്ധിച്ച് പറയാൻ

അവകാശമില്ല. റൂൾ 50 അനുസരിച്ച് ചർച്ച ചെയ്യുകയാണെങ്കിൽ മാത്രമേ ശ്രീ.പി.ജെ.ജോസഫിന് സംസാരിക്കാൻ അവകാശമുള്ളു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് മുഖ്യമന്ത്രിയുടെ ആദ്യപ്രതികരണം ഉണ്ടായി. ഇനി അംഗത്തിന്റെ വിശദീകരണം കേട്ടശേഷം ഗവണ്മെന്റ് ഭാഗത്തുനിന്ന് മറുപടി പറയേണ്ടതാരാണെന്ന് തീരുമാനിക്കേണ്ടത് ഗവണ്മെന്റാണ്.

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട് ആഡിറ്റ് നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി ധാരാളം വാർത്തകൾ ഈ കേസുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വന്നിട്ടുണ്ട്. യുവജനപ്രസ്ഥാനത്തിന്റെ പ്രമുഖരായ മൂന്ന് നേതാക്കളെ കോഴിക്കോട് വച്ച് തല്ലിച്ചതച്ചതും ഈ സംഭവവുമായി ബന്ധപ്പെട്ടാണ്. 3,89,000-ൽപരം ദരിദ്ര കുടുംബങ്ങളെ ബാധിക്കുന്ന മൈത്രി കുംഭകോണത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നുള്ളതാണ് ആവശ്യം. 2003 ജനുവരി മാസം 29-ന് ശ്രീ. കോടിയേരി ബാലകൃഷ്ണനും ഞാനും അംഗമായ നിയമസഭാ കമ്മിറ്റി ഏകകണ്ഠമായി സമർപ്പിച്ച റിപ്പോർട്ടുണ്ട്. കേരള സംസ്ഥാനത്ത് നിയമപരമായി നടത്താൻ കഴിയുന്ന ഏഴ് അന്വേഷണങ്ങൾ ഇതു സംബന്ധിച്ച് നടന്നിട്ടുണ്ട്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇതിൻമേൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെ കണ്ടുപിടിച്ച് റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്ത് അവരുടെ കൈയിൽ നിന്നും തുക ഈടാക്കണം. നിയമസഭാ കമ്മിറ്റിയെ വിലകുറച്ച് കാണിക്കാനോ അവഹേളി ക്കാനോ പാടില്ല. മൈത്രി ഭവന നിർമ്മാണ പദ്ധതി രൂപീകരണം സംബന്ധിച്ച് ഹൗസിംഗ് ബോർഡ് ഇറക്കിയ ചില നിബന്ധനകളുണ്ട്.

അന്നത്തെ ഹൗസിംഗ് ബോർഡ് ചെയർമാനായ കമാണ്ടർ ശ്രീ. ടി.യു. കുരുവിള ഇപ്പോൾ ഈ സഭയിലെ അംഗമാണ് കേരളത്തിലെ ഭവനരഹിതരായ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഓരോ വർഷവും ഒരു ലക്ഷം വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് മൈത്രി ഭവന നിർമ്മാണ പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു നോഡൽ ഏജൻസിയാണ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്. പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല മാത്രമാണ് ഹൗസിംഗ് ബോർഡിനുള്ളത്. 1119 കോടി രൂപയുടെ ഇൻവോൾവ്മെന്റ് വരുന്ന ഈ പദ്ധതിക്ക് ഒരു പ്രത്യേക അക്കൗണ്ടുപോലുമില്ല. 550 പഞ്ചായത്തുകൾക്കായി ആന്യൂറ്റി എമൗണ്ടായി 237 കോടി രൂപ കൊടുത്തിട്ടുണ്ട്. പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികജാതിയിൽപ്പെട്ടവർക്ക് വീടുനിർമ്മിച്ചു കൊടുക്കാനാണിത്. അതിൽ തിരിമറിയും തട്ടിപ്പും നടന്നിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷണം നടത്തുകയില്ല എന്നുപറയുന്നത് ശരിയല്ല. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവർക്ക് സബ്സിഡി കമ്പോണന്റിന് എൻ.ആർ.ഐ. പാർട്ടിസിപ്പേഷൻ വേണമെന്ന് നിബന്ധനയുണ്ട്. വിദേശത്തുനിന്നും പണം പിരിക്കണമെങ്കിൽ റിസർവ് ബാങ്കിന്റെ പെർമിഷൻ വേണം. ആ പണം എങ്ങനെ ചെലവാക്കാമെന്നുള്ളതിന്റെ സ്റ്റേറ്റുമെന്റ് ഹോം ഡിപ്പാർട്ടുമെന്റിന് കൊടുക്കണം;. ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് അനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കണം. മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ ഒരു ലേഖനത്തിൽ മൈത്രി ഭവന നിർമ്മാണ പദ്ധതിക്കായി ഫൊക്കാനയിലെ മലയാളി അസോസിയേഷൻ വാഗ്ദാനം ചെയ്ത 8000 ഡോളർ ലഭിച്ചതായി പറഞ്ഞിട്ടുണ്ട്. ആ പണം എവിടെയാണെന്ന് വ്യക്തമാക്കണം. ആ

തുകയുടെ ഉപയോഗം സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടില്ല. ധൻ ആൻറ് കമ്പനിയുടെ ആഡിറ്റിംഗിലും ഈ വിവരങ്ങൾ ഒളിപ്പിച്ചു വച്ചു. ഇതു സംബന്ധിച്ച് അന്വേഷണം നടത്തണം. 3,89,835 കുടുംബങ്ങൾക്ക് കൊടുക്കുന്നതിനുവേണ്ടി ഹഡ്കോയിൽ നിന്നും വാങ്ങിയ 852 കോടിരൂപയിൽ 677.40 കോടി രൂപ വിതരണം ചെയ്യുകയും 30% ന്റെ തട്ടിപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. ശ്രീ. പി.ജെ. ജോസഫിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ണപ്രം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സണ്ണി കളത്തിൽ ബൾക്കായി ചാക്കിൽകെട്ടി ചെക്കുകൾ കൊണ്ടു പോയതായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അഴിമതി നടത്തിയ മന്ത്രിയെ മാറ്റിനിർത്തി അന്വേഷണം നടത്തണം. പാവപ്പെട്ട ആളുകളെ പണം കൊടുക്കാമെന്നു പറഞ്ഞ് മോഹിപ്പിച്ച് അവസാനം ആ പണം മുഴുവൻ തട്ടിപ്പ് നടത്തിയവരെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്): ചെക്കുകൾ ചാക്കിൽകെട്ടി കൊണ്ടുപോയി എന്ന ഗുരുതരമായ ആരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. 20-12-2001-ൽ കൊടുത്ത രണ്ട് ചെക്കുകളിൽ 9850 രൂപയുടേത് ശ്രീമതി മല്ലികയ്ക്കും 8865 രൂപയുടേത് ശ്രീമതി സുശീലാമണിക്കും കൊടുത്തതായാണ് ധൻ ആന്റ് കമ്പനിയുടെ ആഡിറ്റ് റിപ്പോർട്ടിൽ പറയുന്നത്. ഇത്തരം ഇടപാടുകളെല്ലാംതന്നെ നടന്നിട്ടുള്ളത് ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയും ശ്രീ. കെ.എം. മാണി ഭവനനിർമ്മാണ വകുപ്പുമന്തിയും ആയിരുന്നപ്പോഴാണ്. 1991–1996 കാലയളവിൽ ഭവനനിർമ്മാണ ബോർഡ് 8680 വീടുകൾ 21.1 കോടിരൂപ ചെലവിൽ പണിതുകൊടുത്തു. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ

പവർകട്ടും ലോഡ് ഷെഡ്ഡിംഗും അവസാനിപ്പിക്കാനും വീടില്ലാത്ത മുഴുവൻ ആളുകൾക്കും സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചു. എൽ.ഡി.എഫ്-ന്റെ കാലത്ത് മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം 2,80,000-ത്തോളം വീടുകൾ വച്ചുകൊടുത്തിട്ടുണ്ട്. ബോർഡിന്റെ വിവിധ വായ്പാ പദ്ധതികളിലായി 1004 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഒരു വീടിന്റെ നിർമ്മാണ ചെലവ് 30,000 രൂപയാണ് ഇതിന്റെയെല്ലാം രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എടുത്ത തുക മുഴുവൻ ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. 2003 ജനുവരി 29-ൽ വന്ന റിപ്പോർട്ടാണിത്. അത് കഴിഞ്ഞ് 3 വർഷം അധികാരത്തിലുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് ധൻ ആന്റ് കമ്പനിയെ ആഡിറ്റിംഗിന് ഏൽപ്പിച്ചു. ഒബ്സർവേഷനുകൾക്ക് അന്നത്തെ ഹൗസിംഗ് സെക്രട്ടറി മറുപടി കൊടുത്തിട്ടുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കാൻ ബോർഡിന്റെ ഇന്റേണൽ ആഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ആഡിറ്ററായ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട്സിന്റെ ആഡിറ്റ്, എ. ജി. യുടെ ആഡിറ്റ് ഇവയെല്ലാം നിലനിൽക്കെയാണ് പ്രത്യേക താൽപര്യപ്രകാരം സ്വകാര്യ ഏജൻസിയായ ധൻ ആന്റ് കമ്പനിയെ നിയമിച്ചത്. പത്രത്തിൽ വന്നത് 420 കോടി രൂപ കാണാനില്ലെന്നാണ്. ധൻ ആന്റ് കമ്പനിയുടെ റിപ്പോർട്ടിലെ 136 -ാം പേജിൽ ഡൈവേർഷൻ എന്ന ഹെഡിൽ ഇതിനെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. മൈത്രി, എൽ.ഐ.ജി., എം.ഐ.ജി. തുടങ്ങിയ സ്കീമുകൾ അനുവദിച്ചാൽ തിരിച്ചടയ്ക്കാനുള്ള തുക പിടിച്ചിട്ടേ *ബാക്കി* തരുകയുള്ളൂ. 1971 മുതലുള്ള നടപടിക്രമമാണിത്. ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ ആർക്കും ഇത് കാണാൻ സാധിക്കുന്നതാണ്. 420 കോടി രൂപയിൽ 145.26 കോടി രൂപ തന്നിട്ടേയില്ല. അപ്പോൾ ഡൈവേർഷന്റെ പ്രശ്നം ഉദിക്കുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയവയ്ക്ക് 69.79

കോടി രൂപ ചെലവാക്കിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 56.84 കോടി രൂപ ചെലവാക്കി. റിഡംപ്ഷൻ ഓഫ് ഡിബഞ്ചേഴ്സിന് 10.6 കോടി രൂപ. വകമാറി ചെലവഴിച്ചതിന്റെ പേരിൽ മാത്രം ഇറെഗുലറാണോ എന്നതാണ് പ്രശ്നം. 420.45 കോടി രൂപ തിരിമറി നടത്തി എന്നാണ് പറഞ്ഞിരിക്കുന്നത്. ഹൗസിംഗ് ബോർഡിന് നൽകിയ 900–ൽപ്പരം കോടി രൂപയിൽ 606 കോടി രൂപയും 2001 തുടക്കത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്ന് മാത്രമല്ല 900 കോടി രൂപ ഹൗസിംഗ് ബോർഡിന് ലഭിച്ചപ്പോൾ 1991–96–ൽ 21 കോടി രൂപ മാത്രമാണ് ആകെ വാങ്ങാൻ കഴിഞ്ഞത്. എല്ലാ സ്കീമുകളിലും കൂടി മൂന്ന് ലക്ഷത്തിൽപ്പരം വീടുകളാണ് പണി ചെയ്തത്. മൈത്രി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കളക്ടർമാരുടെ കോൺഫ റൻസിൽ എടുത്ത തീരുമാനം ഇതിന്റെ ഓരോ സ്റ്റേജും നിബന്ധനകൾ കർശ നമായി പാലിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നാണ്. ഇതിനുവേണ്ടി ഗുണ ഭോക്താവിന് സ്ഥലം സ്വന്തമായിട്ടുണ്ടെന്ന് വില്ലേജാഫീസർ സർട്ടിഫൈ ചെയ്താൽ ആദ്യഗഡുവായി 10,000/– രൂപ കൊടുക്കാം. അതുപയോഗിച്ച് തറ വേല തീർത്താൽ അതാതു പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ സർട്ടിഫൈ ചെയ്തുകൊടുത്താൽ രണ്ടാം ഗഡു കൊടുക്കാമെന്നാണ്. ആല ങ്കോട് പഞ്ചായത്തിൽ 522 വീടുകൾ പണിതു.. പൂർത്തിയാകാതെ പോയത് 6 വീടുകളാണ്. അതിൽ 4 വീടുകൾക്കും ഒപ്പിട്ട് കൊടുത്തത് കോൺഗ്രസ് മെമ്പർമാരാണ്. വണ്ണപ്പുറം പഞ്ചായത്തിനെതിരായ ആരോപണത്തിൽ അന്നത്തെ മന്ത്രിയെപ്പറ്റി ഫയലിൽ ഒരിടത്തും ഒരു റഫറൻസുമില്ല. പി.എ.സി –യുടെ ശുപാർശയിൽ പറയുന്നത് ഹൗസിംഗ് ബോർഡ് സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമല്ലാത്തതുകൊണ്ട് അന്വേഷിക്കണമെന്നാണ്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് മൈത്രി ഭവന നിർമ്മാണ പദ്ധ

തിയിലൂടെ പാവപ്പെട്ടവർക്ക് വീട് വച്ച് നൽകിയതിന് കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ 4 വർഷവും അഭിനന്ദിച്ചിട്ടുണ്ട്. അന്നത്തെ ഗവൺമെന്റ് 900 കോടി രൂപ ഈ വകയിൽ ചെലവഴിച്ചപ്പോൾ മറ്റ് സംസ്ഥാന ങ്ങൾ 300 കോടി രൂപയിലധികം ചെലവഴിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പാവപ്പെട്ടവർക്ക് പാർപ്പിടം നൽകുന്നതിന് പുതുതായി ഒരു പദ്ധതിയും കൊണ്ടുവന്നില്ല. കഴിഞ്ഞ ഇടതുപക്ഷജനാധിപത്യമുന്നണി ഗ വൺമെന്റ് ഹൗസിംഗ് ബോർഡിന് 59 കോടി രൂപ ലാഭമുണ്ടാക്കിയിട്ടാണ് അധികാരമൊഴിഞ്ഞത്. അതിനുശേഷം ഹഡ്കോയ്ക്ക് അടയ്ക്കേണ്ട തുക യിൽ കുടിശ്ശിക വരുത്തിയതിന് ഉത്തരവാദി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒന്നാം ഗഡു കൊടുത്ത വീടുകൾക്ക് രണ്ടും മൂന്നും ഗഡുക്കൾ നൽകിയതല്ലാതെ പാവപ്പെ ട്ടവർക്ക് പുതുതായി ഒരൊറ്റ വീടു പോലും യു.ഡി.എഫ്. ഗവൺമെന്റ് നൽകി യിട്ടില്ല. വണ്ണപ്പുറം പഞ്ചായത്തിൽ 1840 വീടുകൾക്ക് സഹായം കൊടുത്ത തിൽ പണിതീരാത്ത 52 വീടുകളിൽ 42 എണ്ണത്തിനും സർട്ടിഫിക്കറ്റ് കൊടു ത്തത് കോൺഗ്രസ് മെമ്പർമാരാണ്. ദുർബലവിഭാഗങ്ങൾക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി തകർത്ത് തരിപ്പണമാക്കിയ ഒരു ഗവൺമെന്റാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഫയൽ പരിശോധിക്കണം. . എന്റെ പൊതുപ്രവർത്തനം ഒരു തുറന്ന പുസ്തകമാണ്. ഇത്രയും വലിയ പദ്ധതി നടപ്പാക്കിയതിനെ കരി വാരിത്തേയ്ക്കാൻ ശ്രമിക്കുന്നത് പാവപ്പെട്ടവരോട് കാണിക്കുന്ന ക്രൂരതയാണ്. പാർപ്പിട പദ്ധതിയെ തകർക്കാനാണ്. പ്രതിപക്ഷം ശ്രമിക്കുന്നത്.

മുഖ്യമന്ത്രി <u>(ശ്രീ.വി.എസ്.അച്ചുതാനന്ദൻ):</u> ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അഴിമതിയുണ്ടെന്നും അതിനെതിരെ കർശന

നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗത്തിൽ 2003 ജനുവരി മാസം 29-ാം തീയതിയിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തെ സംബന്ധിച്ച് എടുത്തു പറയുകയുണ്ടായി. അദ്ദേഹമടക്കം മൂന്നുകൊല്ലം അധികാരത്തിലിരുന്നിട്ടും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ആ നിർദ്ദേശം എന്തുകൊണ്ടാണ് നടപ്പിലാക്കാതിരുന്നത് എന്ന് വ്യക്തമാക്കിയില്ല. അത് നടപ്പിലാക്കിയാൽ ആ മന്ത്രിസഭയിലെ പലരും പിടികൂടപ്പെടുമെന്നു ഭയന്നായിരിക്കണം അങ്ങനെ ഒരു അന്വേഷണം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് നടത്താതിരുന്നത്. ഈ പ്രശ്നത്തെ സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് സന്നദ്ധമാണ്. 1991 മുതൽ 2006 വരെ ഹൗസിംഗ് ബോർഡിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുവാൻ ഈ സഭയിലെ ഒരു കമ്മിറ്റിയെ ഞാൻ നിർദ്ദേശിക്കുകയാണ്. ആ കമ്മിറ്റി അന്വേഷിച്ച് സത്യാവസ്ഥ പുറത്തുകൊണ്ടുവരുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്..

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഇക്കാര്യം അന്വേഷിക്കുവാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. പ്രതിപക്ഷത്തുള്ളവരും ചില സർട്ടിഫിക്കറ്റുകൾ കൊടുത്തു എന്നു പറഞ്ഞ സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങൾക്ക് ഇതുസംബന്ധിച്ച് അറിയുന്നതിനുള്ള അവസരത്തെ സ്വാഗതം ചെയ്യുകയാണ്. 2003-ൽ ഗവൺമെന്റിന് ഈ റിപ്പോർട്ട് കിട്ടി. മൂന്നു ലക്ഷത്തോളം ഫയലുകൾ ഉൾക്കൊള്ളുന്ന കാര്യത്തിൽ. പെട്ടെന്ന് ഒരു അന്വേഷണമെന്നു പറഞ്ഞ് വിട്ടുകഴിഞ്ഞാൽ അത് അനന്തമായി നീണ്ടു പോകും. എവിടെയെല്ലാം ക്രമക്കേടുകളും വീഴ്ചകളും ഉണ്ടെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി

നിയമിച്ച ആഡിറ്ററുടെ റിപ്പോർട്ട് 2006 ആദ്യം ഹൗസിംഗ് ബോർഡിനു ലഭിക്കുകയും ഹൗസിംഗ് ബോർഡ് അത് പരിശോധിച്ച് ഫെബ്രുവരിയിൽ ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. അത് ക്യാബിനറ്റിൽ വയ്ക്കുന്ന സമയമായപ്പോഴേയ്ക്കും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. വിജിലൻസ് എൻക്വയറി എന്നുള്ള സ്പെസിഫിക് പ്രൊപ്പോസലോടുകൂടിയാണ് റിപ്പോർട്ട് വന്നത്. ആ സമയത്ത് വിജിലൻസ് എൻക്വയറിക്ക് തീരുമാനമെടുത്താൽ അത് രാഷ്ട്രീയ പ്രേരിതമാണെന്നുള്ള നിലയിൽ വരുമെന്നുള്ളതുകൊണ്ടും ജനാധിപത്യമര്യാദയ്ക്ക് നിരക്കാത്തതാണെന്നു ള്ളതുകൊണ്ടുമാണ് ഇതിൻമേലുള്ള തീരുമാനം അടുത്ത ഗവൺമെന്റ് എടുക്കട്ടെ എന്ന് തീരുമാനിച്ചത്. സഭയിൽ പ്രഖ്യാപിച്ച കമ്മിറ്റിയുടെ പ്രവർത്തനം എത്രയും വേഗം അരംഭിക്കണം. മൈത്രി ഭവന പദ്ധതിയെ സംബന്ധിച്ചുള്ള ആരോപണം അന്വേഷണ വിധേയമാക്കുമെന്ന പ്രഖ്യാപ നത്തെ സ്വാഗതം ചെയ്യുന്നു. എന്നാൽ അന്വേഷണം നടക്കുമ്പോൾ ആരോപണ വിധേയനായ മന്ത്രി ശ്രീ. പി.ജെ. ജോസഫ് മന്ത്രിസഭയിൽ തുടരുമോ ഇല്ലയോ എന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം.

മുഖ്യമന്ത്രി (<u>ശ്രീ.വി.എസ്.അച്ചുതാനന്ദൻ):</u> ഇതിനെക്കുറിച്ചുള്ള തീരു മാനം അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം പറയുന്നതായിരിക്കും.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതി ഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം.മാണി ശ്രീ. സി.ടി. അഹമ്മദ് അലി

എന്നീ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ടുപുറത്തുപോയി. ശ്രീ.കെ.ബി.ഗണേഷ് കുമാറും ശ്രീ. കെ.കെ. ഷാജുവും സഭവിട്ടുപുറത്തുപോയി. പുറത്തുപോയ പ്രതിപ ക്ഷാംഗങ്ങൾ അൽപസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

**ശ്രദ്ധക്ഷണിക്കൽ**

(1) കൂടംകുളം ആണവനിലയത്തിൽനിന്ന് മാടക്കത്തറ വൈദ്യുതി സ്റ്റേഷനി ലേയ്ക്ക് 400 കെ.വി. ലൈൻ വലിക്കുന്നതുമൂലം ആ പ്രദേശത്തെ ജന ങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കണമെന്ന ആവശ്യം

മി.സ്പീക്കർ: സർവ്വശ്രീ ജോസഫ് എം. പുതുശ്ശേരി, രാജു എബ്രഹാം, കെ.ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങളും പ്രസ്തുത വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ് : തമിഴ്നാട്ടിലെ കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി 400 കെ.വി. ലൈനിലൂടെ കേരളത്തിലെ മാടക്കത്തറയിൽ എത്തിച്ച് അതുവഴി മൈസൂറിലേക്ക് കൊണ്ടു പോകുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. 1700 കോടി യോളം രൂപ ചെലവ് വരുന്ന ഒരു പദ്ധതിയാണിത്. 14 ശതമാനം തുകയാണ് കേരളത്തിന്റെ വിഹിതം. ഈ പദ്ധതിയെ പൂർണ്ണമായും എതിർക്കുന്നില്ല. പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ആണ് ഈ പദ്ധതി നടപ്പാക്കുന്ന ത്. 61 മീറ്റർ വീതിയും 310 കിലോമീറ്റർ ദൈർഘ്യവുമുള്ള ഈ പദ്ധതിയു മായി ബന്ധപ്പെട്ട ലൈൻ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നത് ജനനിബിഢവും കാർഷിക അഭിവൃദ്ധിയുമുള്ള എട്ട് ജില്ലകളിലെ 117 പഞ്ചായത്തുകളിലൂടെ യാണ്. ആദ്യഘട്ട സർവ്വേ പൂർത്തീകരിച്ചിരിക്കുന്നത് തിരുനെൽവേലി

യിൽനിന്നും ഇടമൺ, പത്തനാപുരം, റാന്നി, കല്ലൂപ്പാറ, വാഴൂർ, പുതുപ്പള്ളി, ഏറ്റുമാനൂർ, കടുത്തുരുത്തി, പിറവം തുടങ്ങിയ നിയോജകമണ്ഡലങ്ങളി ലൂടെ പള്ളിക്കരവരെയാണ്. കേരളത്തിലെ കാർഷികോല്പന്നങ്ങളുടെ പ്രത്യേകതയും ജനസാന്ദ്രതയും ആരോഗ്യ പ്രശ്നങ്ങളും അവഗണിച്ചുകൊ ണ്ടാണ് സാറ്റലൈറ്റ് സർവ്വേ നടത്തിയിരിക്കുന്നത്. ചെറുകിട റബ്ബർ കർഷക രും മറ്റ് കർഷകത്തൊഴിലാളികളുമുള്ള പ്രദേശത്തുകൂടി ലൈൻവരുന്നതു മൂലം ആയിരക്കണക്കിന് ആളുകളുടെ വസ്തുക്കളും വീടുകളും നശിക്കും. ജനസാന്ദ്രതയുള്ള മേഖലയിൽക്കൂടി ലൈൻ വലിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ വളരെ വലുതാണ്. ഉയർന്ന വോൾട്ടേജുള്ള വൈദ്യുതി പ്രസരണം രക്താർബുദം ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് കാരണമാകുമെന്ന് വിദഗ്ദ്ധ പഠന റിപ്പോർട്ടുണ്ട്. ഇത് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട ഒരു വിഷയമായതുകൊണ്ട് കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. പാവപ്പെട്ട ആളുകളെ ആത്മഹത്യയിലേയ്ക്ക് നയിക്കാതിരിക്കാൻ ഗവണ്മെന്റ് ശ്രദ്ധിക്കണം. പ്രസ്തുത വൈദ്യുതലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനങ്ങൾ ഒത്തുകൂടി ആക്ഷൻ കൗൺസിൽ രൂപീകരിച്ച് സമരപരിപാടികളിലേയ്ക്ക് പോയിട്ടുണ്ട്. ഇതിനായി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന സർവ്വേ നിർത്തിവയ്ക്കുകയും പുതിയൊരു സർവ്വേ നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): മദ്ധ്യ തിരുവിതാംകൂറിലെ കൃഷിക്കാരെ ബാധിക്കുന്ന ജീവൽപ്രധാന പ്രശ്നമാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ആശങ്കകൾ പരിഹരിച്ചുകൊണ്ട് ഈ പദ്ധതി

ഫലപ്രദമായി നടപ്പിലാക്കണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. ഈ പ്രശ്നത്തിൽ പോസിറ്റീവായും നെഗറ്റീവായുമുള്ള കാര്യങ്ങളെ സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കി, ഒരു സമവായമുണ്ടാക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ വികസനത്തിന് നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കുതിച്ചുചാട്ടത്തിലേയ്ക്ക് മുന്നേറാൻ ഗവൺമെന്റ് ഒരുങ്ങുകയാണ്. 11–ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ചുരുങ്ങിയത് 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചാൽ മാത്രമേ കേരളത്തിന്റെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിനായി ഐ.ടി., ടൂറിസം, പരമ്പരാഗത ചെറുകിട വ്യവസായ മേഖല, കൃഷി തുടങ്ങി സമസ്തമേഖലകളിലും വികസനത്തിനാവശ്യമായ വൈദ്യുതി തടസ്സം കൂടാതെ നൽകേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ പറ്റുന്ന വിധത്തിലുള്ള കപ്പാസിറ്റി എഡിഷൻ മതിയായ രൂപത്തിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ലഭ്യമാക്കാൻ ട്രാൻസ്മിഷൻ ലൈൻ വലിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി തമിഴ്നാട്ടിലെ കൂടംകുളത്തുനിന്നും തൃശൂർ ജില്ലയിലെ മാടക്കത്തറയിലേയ്ക്ക് 400 കെ.വി. വൈദ്യുതി ലൈൻ സമയബന്ധിതമായി വലിക്കണ്ടതുണ്ട്. പ്രസ്തുത 400 കെ.വി. വൈദ്യുതലൈൻ വലിക്കുന്നതിനുള്ള സർവ്വേ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ് എന്ന പൊതുമേഖലാസ്ഥാപനം നട ത്തിക്കഴിഞ്ഞു. . ഉപഗ്രഹ സാറ്റലൈറ്റ് സഹായത്തോടെ ഭൂ സർവ്വേ നടത്തിയതിന്റെ ഭാഗമായിട്ടാണ് സർവ്വേ പൂർത്തീകരിക്കാൻ കഴിഞ്ഞത്. 1988–ൽ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയും റഷ്യൻ പ്രസിഡന്റ് ഗോർബച്ചേവും ചേർന്ന് ഒപ്പു വച്ച കരാറിന്റെ അടിസ്ഥാനത്തിലാണ്

കൂടംകുളം ആണവനിലയത്തിനുള്ള ശ്രമം ആരംഭിച്ചത്. 2,000 മെഗാവാട്ടിന്റെ ഈ പദ്ധതിയിൽ കേരളത്തിന്റെ വിഹിതം 266 മെഗാവാട്ടാണ്. ഈ വിഹിതം കേരളത്തിന് ലഭ്യമാക്കുന്നതിനാണ് നിർദ്ദിഷ്ട 400 കെ.വി. ലൈൻ തിരുനെൽവേലിയിൽ നിന്ന് ഇടമൺ വഴി കൊച്ചിൻ ഈസ്റ്റ് വരെ എത്തിക്കുന്നത്. ഇതിന്റെ ഭാഗമായി 400 കെ.വി. സബ് സ്റ്റേഷൻ എറണാകുളത്ത് പണിയുന്നുണ്ട്. ഇത് കേരളത്തിന്റെ പുരോഗതിക്ക് സഹായകരമാകും. കഴിഞ്ഞ അഞ്ച് വർഷം പി.ജി.സി.ഐ. നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ലൈൻ നിശ്ചയിച്ചത്. പ്രസ്തുത ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനങ്ങൾക്ക് ആശങ്കയുണ്ട്. കേരളത്തിന്റെ സമഗ്രവികസനത്തിന്റെ നിർണ്ണായക ഭാഗമാണ് ഈ പദ്ധതി വഴി ലഭിക്കുന്ന 266 മെഗാവാട്ട്. കേരളത്തിൽ ഇപ്പോൾ 82 ലക്ഷം വൈദ്യുതി ഉപഭോക്താക്കളാണുള്ളത്. 11–ാം പദ്ധതിക്കാലത്ത് വിവിധ പദ്ധതികളിലായി പ്രതീക്ഷിക്കുന്നത് 500 മെഗാവാട്ടാണ്. ഇതിൽത്തന്നെ പല പദ്ധതികളും വിവിധ കാരണങ്ങളാൽ നടപ്പിലാക്കാൻ പ്രയാസമുണ്ട്. കേന്ദ്രപൂളിൽ നിന്നുമുള്ള വൈദ്യുതിയുടെ ലഭ്യത വർദ്ധിപ്പിക്കാതെ നിവൃത്തിയില്ല. നിലവിൽ ഉദുമൽപേട്ട മുതൽ തൃശ്ശൂരിലെ മാടക്കത്തറ യിലേയ്ക്കും മധുരയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കുമുള്ള 400 കെ.വി.യുടെ രണ്ട് ലൈനുകളാണ് കേരളത്തിലെത്തുന്നത്. ഈ സാഹചര്യത്തിൽ 400 കെ.വി. പവർ ഹൈവേ അനിവാര്യമാണ്. ഒരു മെഗാവാട്ട് പുതുതായി കൂട്ടിച്ചേർക്കുന്നതിന് 5 കോടിയിലധികം രൂപ മുതൽ മുടക്കേണ്ടതുണ്ട്. ഒരു കിലോമീറ്റർ 400 കെ.വി. ലൈൻ വലിക്കുന്നതിന് രണ്ട് കോടിയോളം രൂപ ചെലവുംവരും. കൂടംകുളത്തുനിന്ന് ലഭ്യമാകുന്ന 226 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ

കൊണ്ടുവരുന്നതിന് 310 കിലോമീറ്റർ ലൈൻ വലിക്കാനുള്ള ചെലവടക്കം 2000 കോടിയിലധികം രൂപ മുതൽ മുടക്കേണ്ടതുണ്ട്. എന്നാൽ സംസ്ഥാനത്തിന് ഒരു സാമ്പത്തിക ബാധ്യതയുമുണ്ടാക്കാതെയാണ് 266 കെ.വി. ലൈൻ ലഭിക്കുന്നത്. കേന്ദ്രഗവൺമെന്റ് അംഗീകരിച്ച റിജിയണൽ സ്കീമിൽ 400 കെ.വി. ലൈൻ നിർമ്മിച്ചാൽ മൊത്തം ചെലവിന്റെ 15% മാത്രമേ വരുകയുള്ളൂ. ഇവിടെ കറന്റ് ലഭിച്ചിട്ട് കാശ് കൊടുത്താൽ മതി. ഇത് നഷ്ടപ്പെട്ടാൽ കേരളത്തിന്റെ വികസനം ഒരടി മുന്നോട്ടുപോകാനാവില്ല. ഇതിന്റെ രണ്ടാമത്തെവശം ഈ പദ്ധതി നടപ്പിലാക്കുമ്പോൾ കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ ചില പ്രദേശങ്ങളിൽ, പ്രത്യേകിച്ച് റബ്ബർ കൃഷിക്കാരെ ഈ പദ്ധതി ദോഷകരമായി ബാധിക്കുമെന്നതാണ്. കൃഷിക്കാരെ ബാധിക്കാതെ ഈ പദ്ധതിക്കാവശ്യമായ പുന:ക്രമീകരണം സാധ്യമാക്കണമെന്ന് പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയോടും കേന്ദ്ര ഗവൺമെന്റിനോടും കേരള ഗവൺമെന്റ് അഭ്യർത്ഥിക്കും. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ആ പ്രദേശങ്ങളിലെ കൃഷിക്കാർക്ക് തൃപ്തികരമായ നഷ്ടപരിഹാരം കൊടുക്കാനാണ് ഗവൺമെന്റ് ശുപാർശ ചെയ്യുന്നത്. ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ ജനഹിതത്തെ വെല്ലുവിളിച്ചുകൊണ്ട് ഒരു പദ്ധതി നടപ്പിലാക്കണമെന്നുള്ള ദുശ്ശാഠ്യം ഗവൺമെന്റിനില്ല. ഏതു പദ്ധതി വരുമ്പോഴും ആദ്യമുണ്ടാകുന്ന രീതി പദ്ധതികളുടെ നടത്തിപ്പിനുശേഷം ഇല്ലാതാകുന്നുണ്ട്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒരു സമവായത്തിലെത്താൻ കഴിഞ്ഞാൽ 2000 കോടി രൂപ ചെലവുള്ള 266 മെഗാവാട്ട് ലൈൻ കാൽകാശുപോലും ചെലവാക്കാതെ, കേരളത്തിന്റെ സമഗ്ര വികസനത്തിന്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്, കാർഷിക വ്യാവസായിക രംഗത്തെ കുതിച്ചുചാട്ടത്തിന്

ഉപയോഗിക്കാൻ സാധിക്കും. കൃഷിക്കാരുടെ ആശങ്ക മാറ്റി ഏതെങ്കിലും രൂപത്തിൽ റീ–അലൈൻമെന്റ് വരുത്താൻ പറ്റുമോ എന്നകാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതാണ്. കൃഷിക്കാരുടെ ആശങ്ക അകറ്റുന്നതിന് എറ്റവും ഫലപ്രദമായിട്ടുള്ള മാർഗ്ഗം എന്ന നിലയിൽ പവർ ഗ്രിഡ് കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഈ പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കുന്ന ആക്ഷൻ കൗൺസിൽ ഭാരവാഹികളുമായി ചർച്ച നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാം.

2. <u>കേന്ദ്ര ഗവൺമെന്റ് അടിക്കടി എണ്ണവില വർദ്ധിപ്പിക്കുന്നതുമൂലം അവശ്യസാധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവും ഗതാഗത രംഗത്തെ പ്രശ്നങ്ങളും</u>

<u>ശ്രീ.പി.ജയരാജൻ:</u> കേന്ദ്ര ഗവൺമെന്റ് രണ്ടുവർഷത്തെ ഭരണ ത്തിനിടയിൽ അഞ്ചാം തവണയാണ് ഇപ്പോൾ എണ്ണവില വർദ്ധിപ്പിച്ചിട്ടുള്ളത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവിന്റെ ഫലമായി വൻ വിലക്കയറ്റമാണ് ഇന്ത്യയിലുണ്ടായിക്കൊണ്ടിരിക്കുന്നത്. നാനാഭാഗത്തു നിന്നും ഉയർന്നുവരുന്ന പ്രതിഷേധം വകവയ്ക്കാതെയുള്ള സമീപനമാണ് കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഒരു ലിറ്റർ പെട്രോളിന് 4.21 രൂപയും ഡീസലിന് 2.18 രൂപയും വർദ്ധിച്ചിരിക്കുകയാണ്. ഈ വിലക്കയറ്റം വാഹനം ഉപയോഗിക്കുന്നവരെ മാത്രമല്ല, വാഹനങ്ങളിൽ ചരക്കുകളും മറ്റും കടത്തുന്നതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാവുകയാണ്. സാധാരണ ക്കാർക്കാണ് ഏറ്റവും കൂടുതൽ സാമ്പത്തിക ഭാരം വരുന്നത്. ഈ വിലവർദ്ധനവിന്റെ ഫലമായി ഏതാണ്ട് 92,000 കോടി രൂപയുടെ

അധികഭാരമാണ് ഉപഭോക്താക്കളിലുണ്ടായിട്ടുള്ളത്. അന്താരാഷ്ട്ര മാർക്കറ്റിലെ പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവാണ് ഇതിന് ന്യായീകരണമായി കേന്ദ്രഗവൺമെന്റ് പറയുന്നത്. അന്താരാഷ്ട്ര വിപണിയിൽ സംസ്ക്കരണ ചെലവുൾപ്പെടെ ഒരു ബാരൽ ക്രൂഡോയിലിന്റെ വില 70 ഡോളർ കണക്കാക്കിയാൽ ഒരു ലിറ്റർ പെട്രോളിന് 21 രൂപയോളം വിലവരും. ഒരു ലിറ്റർ പെട്രോളും ഒരു ലിറ്റർ ഡീസലും വിൽക്കുമ്പോൾ കേന്ദ്രത്തിന് കിട്ടുന്ന നികുതി യഥാക്രമം 15.19 രൂപയും 5.24 രൂപയുമാണ്. ഇപ്പോൾ ഉണ്ടായിട്ടുള്ള വിലവർദ്ധനവുമൂലം കേന്ദ്ര ഗവൺമെന്റിന് ഒരു മാസം 7000 കോടി രൂപയുടേയും കേരളത്തിന് 10 കോടിരൂപയുടേയും അധികവരുമാനം ലഭിക്കുന്നു. ജനങ്ങളെ ബാധിക്കാത്ത വിധത്തിൽ വില വർദ്ധനവ് എങ്ങനെ മാനേജ് ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് ഉത്തരവാദപ്പെട്ട ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കേന്ദ്ര ഗവൺമെന്റിന് ഒട്ടേറെ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ക്രൂഡോയിൽ സെസ്സിന്റെ പണം ഉപയോഗിച്ച് ഒരു വിലസ്ഥിരതാ ഫണ്ട് രൂപീകരിച്ചാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെമേലുള്ള തീരുവ കുറയ്ക്കാൻ കഴിയും. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഒരു ചെറിയ വർദ്ധനവുപോലും വലിയ വർദ്ധനവായി അനുഭവപ്പെടും. ഇത്തരം പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനായി ഗവൺമെന്റ് അടിയന്തിരമായി ഇടപെടണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: പെട്രോളിയം ഉൽപ്പന്നങ്ങളുടെ, വിശേഷിച്ച് പെട്രോളിന്റേയും ഡീസലിന്റേയും വിലവർദ്ധനവ് കേരളത്തെയാണ് ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി കടത്തുകൂലി ഉൾപ്പെടെ വർദ്ധിക്കുന്നുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുകയും ജനങ്ങൾ ദ്രോഹിക്കപ്പെടുകയും ചെയ്യുന്നു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റത്തിനെതിരെ ദേശീയവ്യാപകമായി രോഷവും പ്രതിഷേധവും ഉയർന്നുകൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ചില സംസ്ഥാനങ്ങൾ തുച്ഛമായ തുക കുറച്ചാൽ ഈ വിലക്കയറ്റത്തിൽനിന്നും രക്ഷപ്പെടാൻ കഴിയുമെന്ന വ്യാജ പ്രചരണത്തിൽ നിന്ന് കേന്ദ്രഗവൺമെന്റ് പിന്തിരിയണം. കേരളത്തിന്റെ പ്രശ്നങ്ങൾ പ്രധാനമന്ത്രിയെ ധരിപ്പിച്ച് പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ദ്രോഹകരമായ ഈ വിലക്കയറ്റം പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടും.

**സബ്മിഷൻ**

(1) <u>പൊതുവിതരണം മെച്ചപ്പെടുത്തുന്നതോടൊപ്പം അർഹതപ്പെട്ടവർക്കെല്ലാം ബി.പി.എൽ. കാർഡ് അനുവദിക്കേണ്ടത് സംബന്ധിച്ച്</u>

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: കേരളത്തിലെ ഭക്ഷ്യ സുരക്ഷിതത്വം നിലനിർത്താൻ ഗവൺമെന്റ് വളരെ ധീരമായിട്ടുള്ള സമീപനം സ്വീകരിക്കണം. ഭക്ഷ്യ സുരക്ഷിതത്വത്തിന്റെ പേരിൽ കേന്ദ്ര ഗവൺമെന്റ് ചെയ്യുന്ന ദ്രോഹകരമായ നടപടിക്കെതിരെ കേരള ജനത ശക്തമായി പ്രതികരിക്കണം. അറുപത് ലക്ഷത്തോളം റേഷൻ കാർഡുകൾ കേരളത്തിലുള്ളതിൽ ബി.പി. എൽ കാർഡിന്റെ എണ്ണം ദൈനംദിനം കുറഞ്ഞുവരികയാണ്. ടാർജറ്റഡ് റേഷനിംഗ് എന്നുപറയുന്നത് കരുതിക്കൂട്ടി കൊണ്ടുവന്നിട്ടുള്ള സൂത്രമാണ്. ഇത് വേൾഡ് ബാങ്ക്, ഡബ്ളിയു.ടി.ഒ. എന്നിവയുടെ നിർദ്ദേശത്തിന് വഴങ്ങിയിട്ടുള്ള പുറപ്പാടാണ്. ടാർജറ്റഡ് റേഷനിംഗ് വഴി യഥാർത്ഥത്തിൽ കേരള ജനതയ്ക്ക് ലഭിക്കേണ്ട ഭക്ഷ്യ സബ്സിഡിയാണ് വെട്ടിക്കുറയ്ക്കാൻ തീരുമാ

നിച്ചിട്ടുള്ളത്. ബി.പി.എൽ. കാർഡിന്റെ എണ്ണം കുറയ്ക്കാനുള്ള തീരുമാനത്തിലുടെ അത് പൂർണ്ണമായും നടപ്പിൽ വരികയാണ്. ഏഴായിരം കിലോഗ്രാം അരി പ്രതിമാസം ഓരോ റേഷൻ കടയിലൂടെയും വിതരണം ചെയ്തിരുന്നത് രണ്ടായിരം കിലോഗ്രാമായി കുറഞ്ഞിരിക്കുകയാണ്. 49 മെട്രിക് ടൺ അരി കണ്ണൂർ ജില്ലയിൽ വിതരണം ചെയ്തിരുന്നത് 19 മെട്രിക് ടണ്ണായി കുറഞ്ഞിരിക്കുകയാണ്. അയ്യായിരം റേഷൻ കടകൾ പൂട്ടി. ബി.പി.എൽ–ന്റെ മാനദണ്ഡം പരിശോധിക്കണം. ലക്കടാവാല കമ്മിറ്റി നിശ്ചയിച്ച മാനദണ്ഡം ഇപ്പോഴും തുടരുകയാണ്. പ്രതിമാസം 327 രൂപ വരുമാനമുള്ള ആൾക്കാണ് ബി.പി.എൽ–ന് അർഹത. അതിന് മുകളിൽ വരുമാനമുള്ളവർ എ.പി.എൽ ആണ്. ദിവസേന 11 രൂപ വരുമാനമുള്ള കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയും 11 രൂപ 50 പൈസ വരുമാനമുണ്ടായാൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുമാണ്. എങ്ങനെയാണ് 11 രൂപ കൊണ്ട് കേരളത്തിലെ സാധാരണ കുടുംബം ജീവിക്കുകയെന്നത് പരിശോധിക്കേണ്ട കാര്യമാണ്. ബി.പി.എൽ. മാനദണ്ഡം പുന:പരിശോധിച്ച് കേന്ദ്ര ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്യുന്നതോടൊപ്പംതന്നെ നമ്മുടെ സംസ്ഥാനത്തിനായി പ്രത്യേക മാനദണ്ഡം നിശ്ചയിക്കണമെന്നാവശ്യപ്പെടുകയും വേണം. 10 സെന്റ് ഭൂമിയുള്ളവരാണ് ഇപ്പോൾ എ.പിഎൽ.ൽ വരുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ബി.പി.എൽ ലിസ്റ്റിൽ വന്നിട്ടുള്ള കുടുംബങ്ങൾക്ക് അടിയന്തിരമായി ബി.പി.എൽ. കാർഡ് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ) :</u> ഈ പ്രശ്നങ്ങൾ സംബന്ധിച്ച് ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. എ.പി.എൽ.–ൽ 4720283–ഉം ബി.പി. എൽ.–ൽ 1494057–ഉം കാർഡുകളാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള

ത്. എ.എ.വൈ.യുടെ പേരിൽ 591779 കാർഡുണ്ട്. കേരളത്തിൽ 68 ലക്ഷത്തിൽപ്പരം കാർഡുകൾ നിലവിലുണ്ട്. എ.പി.എൽ., ബി.പി.എൽ. സംബന്ധിച്ച് മെമ്പറുടെ നിർദ്ദേശം സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ പദ്ധതി അനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെ 20,85,827 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ 47,20,283 കുടുംബങ്ങളുമുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 5,91,770 കുടുംബങ്ങൾക്ക് അന്ത്യോദയ–അന്നയോജന പദ്ധതി അനുസരിച്ചും അഗതികളായ 45,422 പേർക്ക് അന്നപൂർണ്ണ പദ്ധതി അനുസരിച്ചും അരി വിതരണം നടത്തിവരുന്നു. ഇവരിൽ എ.എ.വൈ, ബി.പി.എൽ,. അന്ന–പൂർണ്ണ പദ്ധതികൾ അനുസരിച്ച് മുഴുവൻ കുടുംബങ്ങൾക്കും റേഷൻ വിതരണം നടത്തുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് ആറ് ശതമാനത്തിൽ താഴെ മാത്രമാണ് റേഷൻ വിതരണം നടത്തുന്നത്. കഴിഞ്ഞമാസം വരെ എ.പി.എൽ., ബി.പി.എൽ. കുടുംബങ്ങൾക്കുള്ള അലോട്ട്മെന്റിന്റെ ഇരുപത്തിയഞ്ച് ശതമാനം ഗോതമ്പ് നൽകിയിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ മാസം മുതൽ അത് 27,077 മെട്രിക് ടണ്ണായി കുറവ് വരുത്തിയിട്ടുണ്ട്. അത് പുനഃപരിശോധിക്കണമെന്നും കേന്ദ്ര സർക്കാരിനോട് പറഞ്ഞിരുന്നു. എഫ്.സി.ഐ. ഡിപ്പോകളിൽ സ്റ്റോക്ക് എത്തിക്കുന്ന കാര്യത്തിൽ കാലതാമസവും അപാകതകളുമുണ്ട്. സ്റ്റോക്കെടുക്കുന്ന അരി കാർഡുടമകളിൽ എത്തുന്നതുവരെയുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ വകുപ്പുവഴിയുള്ള പരിശോധന ശക്തിപ്പെടുത്തി റേഷൻ വ്യാപാരികളുടെ പൂർണ്ണമായ സഹകരണം നേടുന്നതിന് നടപടികളെടുത്തുവരികയാണ്. ബി.പി.എൽ., എ.പി.എൽ. കാർഡിലെ പരാതികൾ ജനപ്രതിനിധികളുമായി ആലോചിച്ച് കാലതാമസം ഇല്ലാതെതന്നെ പരിഹരിക്കാൻ സർക്കാർ സത്വര നടപടികളെടുക്കുന്നതാണ്.

## (2) ഡ്രെയിനേജ് സംവിധാനത്തിലെ അപര്യാപ്തതമൂലം തിരുവനന്തപുരം നഗരത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. വി. ശിവൻകുട്ടി : തലസ്ഥാന നഗരത്തിലെ സ്വീവറേജ് പ്രശ്നം വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒന്നാണ്. 1938-ൽ തിരുവനന്തപുരത്ത് സ്വീവറേജ് സംവിധാനത്തിന് തുടക്കം കുറിക്കുകയുണ്ടായി. 1940-ലാണ് തിരുവനന്തപുരം നഗരസഭ നിലവിൽ വന്നത്. 1941-ൽ ഈ നഗരത്തിലെ ജന സംഖ്യ 1,28,480 ആയിരുന്നു. 1948-ൽ കമ്മിഷൻ ചെയ്ത സ്വീവറേജ് സംവി ധാനം 30 വർഷത്തേയ്ക്ക് വേണ്ടിയുള്ളതായിരുന്നു. ആ സംവിധാനം കാല ഹരണപ്പെടുകയുണ്ടായി. ഇപ്പോൾ 1,28,480 ആളുകൾക്കുവേണ്ടി ആസൂത്ര ണംചെയ്ത സ്വീവറേജ് സംവിധാനം ഏകദേശം പതിനഞ്ച് ലക്ഷത്തോളം ആളുകളാണ് ഉപയോഗിക്കുന്നത്. നഗരത്തിലെ പ്രധാനപ്പെട്ട പമ്പിംഗ് സ്റ്റേഷനുകളും സബ് പമ്പിംഗ് സ്റ്റേഷനുകളും തകരാറിലാണ്. പമ്പിംഗ് സ്റ്റേഷനുകളിൽ ജനറേറ്ററില്ല. വൈദ്യുതി തകരാറാകുന്ന അവസരങ്ങളിൽ ഓവർഫ്ളോ ഉണ്ടാകുകയാണ്. സാധാരണ ഘട്ടങ്ങൾപോലും നേരിടുന്നതി നുള്ള സംവിധാനമില്ലാത്ത സ്ഥിതിവിശേഷമാണ് തലസ്ഥാന നഗരിയിലുള്ളത്. ഹോട്ടലുകൾ, ലോഡ്ജുകൾ, ഫ്ളാറ്റുകൾ, പൊതു കക്കൂസുകൾ, സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, ഇവിടങ്ങളിൽ നിന്നുള്ള സ്വീവ റേജ് ശരിയായ രീതിയിൽ കൊണ്ടുപോകാനുള്ള യാതൊരു സംവിധാനവും ഇതുവരെ ഉണ്ടായിട്ടില്ല. ഈ പ്രദേശത്ത് നിന്ന് വരുന്ന 60 ശതമാനം സീവറേ ജും പൊതുനിരത്തിൽക്കൂടി ഒഴുകുന്ന സാഹചര്യമാണുള്ളത്. സാധാരണ രീതിയിൽ 200 എൽ.പി.സി.ഡി. വെള്ളം ഉപയോഗിച്ചുകഴിഞ്ഞാൽ ഏതാണ്ട്

80 ശതമാനം സ്വീവറേജ് ആയി പുറത്ത് പോവുകയാണ്. തിരുവനന്തപുരം നഗരത്തിൽ 112 എം.എൽ.ഡി. മലിനജലമാണ് ദിനംപ്രതി വരുന്നത്. 40 എം. എൽ.ഡി. സ്വീവറേജ് ശുദ്ധീകരിക്കാനുള്ള സംവിധാനമേ ഡിപ്പാർട്ടുമെന്റിനുള്ളൂ. ബാക്കി സ്വീവറേജ് മുഴുവൻ തലസ്ഥാന നഗരിയിലെ ഓടകളിൽക്കൂടി ഒഴുകുകയാണ്. മാൻഹോളുകളെല്ലാം തകരാറിലാണ്. അടിയന്തിരമായി ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കണം. അത്യന്താധുനിക ശാസ്ത്ര-സ്ങ്കേതിക വിദ്യ ഉപയോഗിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ</u>) തിരുവനന്തപുരം നഗരത്തിലെ ഇപ്പോഴുള്ള സ്വീവറേജ് സിസ്റ്റം സിറ്റിയിലെ 35% പ്രദേശമാണ് കവർ ചെയ്യുന്നത്. ബാക്കി സ്വീവറേജ് കവറേജിന്റെ പരിധിക്കപ്പുറമാണ്. ഈ പ്രശ്നം വളരെ ഗൗരവമായി കണ്ടുകൊണ്ട് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. തിരുവനന്തപുരം നഗരത്തിലുൾപ്പെട്ട ആറ്റുകാൽ, കാലടി, കളിപ്പാൻകുളം എന്നീ വാർഡുകളിൽക്കൂടി സ്വീവറേജ് സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടി 14.55 കോടി രൂപയ്ക്കുള്ള ഒരു പ്രോജക്ടിന് 16.1.06-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.. ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്താൽ ഈ പദ്ധതി പൂർത്തിയാക്കാൻ കഴിയും. മേലാറന്നൂർ ഭാഗത്തെ വിപുലീകരണ പദ്ധതിയുടെ 60% പൂർത്തിയായി;. ഇതിന് 285 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പൂജപ്പുര, ചെങ്കള്ളൂർ, തിരുമല എന്നീ പ്രദേശങ്ങൾക്കായി പുതിയ പമ്പ്ഹൗസും നിലവിലുള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാനുമായി 10.2 കോടി രൂപയ്ക്കുള്ള വിപുലീകരണ പദ്ധതി തയ്യാറാക്കി ഭരണാനുമതിക്കായി കാത്തിരിക്കുന്നു. നഗരത്തെ 5

ബ്ളോക്കുകളായി തരം തിരിച്ച് 'എ' ബ്ളോക്കിന് 11 കോടി രൂപ ചെലവ് വരുന്ന വിപുലീകരണം ഇതിനകം ആരംഭിച്ചിട്ടുണ്ട്. പാർവതീപുത്തനാറിന്റെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിനും 'എ,' 'ബി' ബ്ളോക്കുകളുടെ പുനരുദ്ധാരണ പദ്ധതികൾക്കുമായി 80 ദശലക്ഷം ശേഷിയുള്ള നവീകരണ സംസ്കരണശാല ഉൾപ്പെടെ 35 കോടി രൂപയുടെ എസ്റ്റിമേറ്റ് നഗരസഭ വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ സാമ്പത്തിക സഹായംകൂടി ലഭ്യമായാൽ നഗരസഭ ഇന്നനുഭവിക്കുന്ന ദുരിതത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

(3) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ.കെ.ടി..ജലീൽ: സർക്കാർ ആശുപത്രികളിൽ ഭൗതിക സൗകര്യങ്ങളില്ലാത്തതുകൊണ്ട് അവ പ്രവർത്തനക്ഷമമല്ലാതായിരിക്കുന്നു. സംസ്ഥാനത്തെ ആശുപത്രികളിൽ 30 ശതമാനത്തോളം ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. തീരദേശമേഖലകളും കോളനികളും രോഗനിബിഡമായിരിക്കുന്നു. മലപ്പുറത്ത് ആരോഗ്യമേഖലയിൽ 40 ശതമാനത്തോളം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഈ രംഗത്ത് ബോധവൽക്കരണം നടക്കുന്നില്ല. 25% ഇമ്മ്യൂണൈസേഷനേ സംസ്ഥാനത്ത് നടക്കുന്നുള്ളു. കുറ്റിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2 ഡോക്ടർമാരേയുള്ളു. വാളാഞ്ചേരി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടറുമില്ല. ഈ സാഹചര്യം ഒഴിവാക്കി സർക്കാർ ആശുപത്രികൾ കൂടുതൽ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതിപി.കെ. ശ്രീമതി ടീച്ചർ) പല സർക്കാർ ആശുപത്രികളിലും ഇത്തരം പ്രതിസന്ധി നിലനിൽക്കുകയാണ്. പക്ഷേ ഇപ്പോൾ സങ്കീർണ്ണമായ ദുരവസ്ഥയില്ല. .23.5.06–ൽ ഗവൺമെന്റ് ഉന്നതോദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി സ്ഥിതിഗതികൾ വിലയിരുത്തുകയും 30–ാം തീയതി വീണ്ടും സീനിയർ ഉദ്യോഗസ്ഥരുടെ യോഗം കൂടി സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ വിലയിരുത്തുകയുമുണ്ടായി. ഈ അവസ്ഥ തരണംചെയ്യാൻ ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാനും സർക്കാർ നഴ്സിംഗ് കോളേജുകളിൽ നിന്നും പഠിച്ചിറങ്ങുന്ന നഴ്സിംഗ് വിദ്യാർത്ഥികളെ ഒഴിവുള്ള വേക്കൻസികളിൽ നിയമിക്കാനും തീരുമാനിച്ചു. കേരളത്തിലെ മെഡിക്കൽ കോളേജാശുപത്രി മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെയുള്ള സ്ഥാപനങ്ങളിൽ നഴ്സുമാരുടേയും പാരാ–മെഡിക്കൽ സ്റ്റാഫിന്റേയും പാർട്ട് –ടൈം സ്വീപ്പർ പോലുള്ള തസ്തികകളിലേയും സാങ്ഷൻഡ് സ്ട്രെങ്തിൽ

എവിടെയൊക്കെ വേക്കൻസി ഉണ്ടെന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ഡി.എം.ഒ. മാർക്ക് ഡി.എച്ച്.എസ്. കർക്കശ നിർദ്ദേശം കൊടുത്തിട്ടുണ്ട്. നഴ്സുമാരുടെ കാര്യത്തിൽ 1961–ലെ സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത്. രോഗികളുടേയും ആശുപത്രികളുടേയും എണ്ണം വർദ്ധിച്ചുവെങ്കിലും നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ മാറ്റം വന്നിട്ടില്ല. അതുകൊണ്ട് നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി രണ്ട് മാസത്തിനകം സ്റ്റാഫ് നഴ്സുമാരുടെ എണ്ണം നികത്തുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഡോക്ടർമാരുടെ കാര്യത്തിലും ചില നിർദ്ദേശങ്ങൾ എടുത്തിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ സ്റ്റാഫിന്റെ കാര്യത്തിൽ യാതൊരു ആശങ്കയും

വേണ്ട. സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ചികിൽസയുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ കഴിയുന്ന സംവിധാനങ്ങൾ ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കും.

(4) കോട്ടയം ഗവൺമെന്റ് ദന്തൽ കോളേജിലെ ബുദ്ധിമുട്ടുകൾ

ശ്രീ. തോമസ് ചാഴികാടൻ: കോട്ടയം ഗവൺമെന്റ് ദന്തൽ കോളേജിൽ 2006-2007 അദ്ധ്യയന വർഷത്തിൽ അഡ്മിഷൻ നടത്തരുതെന്നും അഞ്ചാം വർഷ ബി.ഡി.എസ്. കോഴ്സിനുള്ള അനുമതി പുതുക്കി നൽകുവാൻ കേന്ദ്ര സർക്കാരിന് ശുപാർശ ചെയ്യുകയില്ലെന്നും ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യ അറിയിച്ചിരിക്കുകയാണ്. ദന്തൽ കൗൺസിൽ സെക്രട്ടറി കോട്ടയം ദന്തൽ കോളേജിന്റെ പ്രിൻസിപ്പലിന് അയച്ച കത്തിൽ ചൂണ്ടിക്കാണിച്ച പോരായ്മകൾ മൂന്ന് ദിവസത്തിനകം പരിഹരിച്ചില്ലെങ്കിൽ ദന്തൽ കൗൺസിൽ കോട്ടയം ദന്തൽ കോളേജിൽ അഡ്മിഷൻ നിരോധിക്കു മെന്നാണ് പറഞ്ഞിരിക്കുന്നത്. ഗുരുതരമായ ഈ സാഹചര്യം കോട്ടയം ദന്തൽ കോളേജിന്റെ പ്രവർത്തനത്തെ ബാധിക്കും. അദ്ധ്യാപകർ ഇല്ല എന്നതാണ്. അവർ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട പ്രശ്നം താൽക്കാലിക ഉത്തരവിലൂടെ അവിടെ പ്രിൻസിപ്പലിനെയും ഏതാനും പ്രൊഫസർമാരെയും നിയമിച്ചു എന്നാണ് അറിയുന്നത്. കഴിഞ്ഞ 13-ാം തീയതി കൂടിയ ദന്തൽ കൗൺസിൽ പരിഗണിക്കാതെയാണ് അവർ ഈ നിർദ്ദേശം കൊടുത്തിരിക്കുന്നത്. ആ നിർദ്ദേശമനുസരിച്ച് അവിടെ അഡ്മിഷൻ നടത്താൻ കഴിയാതെ വരുന്ന സാഹചര്യമുണ്ടാകും. ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് വേണ്ട നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡി.പി.സി.

ചേരാത്തതിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള ദുരന്തങ്ങളാണ് ഇപ്പോൾ അവിടെ നേരിട്ടുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ആയാലും ദന്തൽ കോളേജിൽ ആയാലും അവിടെയുള്ള കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കാൻ ഒരു കാരണവശാലും ഈ സർക്കാർ അനുവദിക്കില്ല. ദന്തൽ കോളേജിൽ ആവശ്യമായിട്ടുള്ള പ്രിൻസിപ്പാൾ, പ്രൊഫസർമാർ, മറ്റ് അദ്ധ്യാപകർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് ഈ സർക്കാർ അടിയന്തിരമായി ഇടപെട്ട് ചില സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ജൂൺ 12–ാം തീയതി നടന്ന ഡി.സി.ഐ. (ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ) ടീമിന്റെ ഇൻസ്പെക്ഷന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടാണ് ഇപ്പോൾ വന്നിട്ടുള്ളത്. പ്രിൻസിപ്പാൾ, പ്രൊഫസർമാർ, ടീച്ചേഴ്സ് എന്നിവരുടെ നിയമനത്തെത്തുടർന്ന് ഗവൺമെന്റ് വീണ്ടും റിപ്പോർട്ട് അയച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുട്ടികളുടെ അഡ്മിഷന്റെ കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. ദന്തൽ കോളേജിന്റെ ഈ വർഷത്തെ അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവില്ല. മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(5) <u>ഈരാറ്റുപേട്ട കേന്ദ്രമാക്കി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം</u>

<u>ശ്രീ.പി.സി.ജോർജ്:</u> നമ്മുടെ സംസ്ഥാനത്ത് 1996 മുതൽ 2001 വരെയുള്ള കാലയളവിൽ റവന്യൂ വില്ലേജുകൾ/താലൂക്കുകളുൾപ്പെടെ പുന:സംഘടിപ്പിച്ച തിന്റെ അടിസ്ഥാനത്തിൽ 17 താലൂക്കുകൾ പുതുതായി രൂപീകരിക്കാൻ തീരുമാനിച്ചുവെങ്കിലും അത് പ്രാവർത്തികമായിട്ടില്ല. ഈരാറ്റുപേട്ട

കേന്ദ്രമാക്കി പൂഞ്ഞാർ താലൂക്ക് രൂപീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഈ സഭയിൽ പലതവണ ചർച്ചയ്ക്കുവന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ഇ.കെ.നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ 16 പുതിയ താലൂക്കുകൾ രൂപീകരിക്കാൻ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയുണ്ടായി. കോട്ടയം ജില്ലയിൽ മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്ക് രൂപീകരിക്കാനും ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കണമെന്നും ഏതെല്ലാം വില്ലേജുകൾ ഉൾപ്പെടുത്തണമെന്നും പഠിക്കുന്നതിനായി ഒരു കമ്മീഷനേയോ അസിസ്റ്റന്റ് കമ്മീഷണറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥനേയോ സ്പെഷ്യൽ ഓഫീസറായി നിയമിക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ഒരു നടപടിയും സ്വീകരിക്കാതെ വീണ്ടും പുതിയൊരു കമ്മീഷനെ നിയമിക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാർ നടത്തിയ വിശദമായ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുയർന്നുവന്ന ആവശ്യങ്ങളും കണക്കിലെടുത്താണ് 16 പുതിയ താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചത്. 1991–96 കാലഘട്ടത്തിൽ അധികാരത്തി ലിരുന്ന യു.ഡി.എഫ്. സർക്കാർ തിരൂരങ്ങാടി, നിലമ്പൂർ താലൂക്കുകൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും സർക്കാരിന്റെ കാലാവധി അവസാനിച്ചതിനാൽ അതിന് കഴിഞ്ഞില്ല. തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ പ്രസ്തുത താലൂക്കുകൾ രൂപീകരിക്കുകയും അതിനാവശ്യമായ ഓഫീസ്, ഉദ്യോഗസ്ഥർ, ഭരണസംവിധാനം എന്നിവ ഏർപ്പെടുത്തുകയും ചെയ്തു.

എന്നാൽ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച 16 പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനുപകരം കമ്മീഷനുകളെ വച്ച് താലൂക്ക് രൂപീകരണ നടപടികൾ തടസ്സപ്പെടുത്തുകയാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. കേരളത്തിന്റെ പൊതു താല്പര്യമെന്ന നിലയിൽ പുതിയ താലൂക്ക് രൂപീകരണത്തെ സംബന്ധിച്ച് ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

### (6) കാലവർഷക്കെടുതി ബാധിച്ചവർക്ക് കൂടുതൽ ധനസഹായം ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. രാജു എബ്രഹാം: കേരളത്തിൽ മേയ് മാസം ഉണ്ടായ കാലവർഷക്കെടുതിയിൽ കോടികളുടെ നഷ്ടമുണ്ടായതിന്റെ ഫലമായി സർക്കാർ സമയബന്ധിതമായി ആശ്വാസ നടപടികൾ സ്വീകരിക്കുകയുണ്ടായി. ജില്ലകളുടെ ചുമതല മന്ത്രിമാർക്ക് നൽകിക്കൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടുകയും അടിയന്തിര ധനസഹായം നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് 15,000 രൂപയും ഭാഗികമായി വീട് നഷ്ടപ്പെട്ടവർക്ക് 5,000 രൂപയുമാണ് നൽകിവരുന്നത്. ഇത് പുതുക്കി നിശ്ചയിക്കാൻ ഒരു നടപടിയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചില്ല. കാർഷിക വിളകൾക്ക് നാമമാത്രമായ നഷ്ടപരിഹാരമാണ് ഇപ്പോൾ നല്കിക്കൊണ്ടി രിക്കുന്നത്. വീടുകൾ നഷ്ടപ്പെട്ടവർക്ക് നൽകുന്ന ധനസഹായം കുറഞ്ഞത് 75,000 രൂപയെങ്കിലുമാക്കി ഉയർത്തണം. ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾക്കും കാർഷിക വിളകൾക്കും നൽകിവരുന്ന നഷ്ടപരിഹാരത്തുക പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ) കാലവർഷാ രംഭത്തിൽ സംസ്ഥാനത്ത് ശക്തമായ മഴ ഉണ്ടായതിനാൽ കൃഷിനാശവും കടലാക്രമണവുംമൂലം വസ്തുവകകൾക്ക് നാശനഷ്ടവും ആളുകൾക്ക് ജീവഹാനിയും ഉണ്ടായി. 17-6-2006 വരെ തിട്ടപ്പെടുത്തിയ കണക്കനുസരിച്ച് 60 പേർക്ക് ജീവഹാനി സംഭവിക്കുകയും അനേകംപേർക്ക് പരിക്കുപറ്റുകയും 23488.67 ഹെക്ടറിൽ കൃഷിനാശം സംഭവിക്കുകയും 608 വീടുകൾ പൂർണ്ണമായും 14515 വീടുകൾ ഭാഗികമായും തകരുകയുമുണ്ടായി. മൊത്തം 35 കോടി 72 ലക്ഷത്തോളം രൂപയുടെ നാശനഷ്ടമാണ് സംസ്ഥാനത്ത് ഉണ്ടായതായി കണക്കാക്കിയിട്ടുള്ളത്. ദുരിതബാധിതരെ അധിവസിപ്പി ക്കുവാൻ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും അവർക്ക് ഭക്ഷണം, വസ്ത്രം, ചികിത്സ എന്നിവ ലഭ്യമാക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ഒരു മാസത്തിനുള്ളിൽ ദുരിതാശ്വാസ പ്രവർത്തന ങ്ങൾക്കായി 25,57,91,000 രൂപ അനുവദിക്കുകയും ആ തുക അതേദിവസം തന്നെ ജില്ലാ കളക്ടർമാർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ജില്ലയിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും അവരുടെ നേതൃത്വത്തിൽ എം.എൽ.എ. മാരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് രണ്ട് തവണ ജില്ലകളിൽ യോഗം ചേരുകയും നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ.മാർ ചെയർമാന്മാരായും തഹസീൽദാർ കൺവീനറുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനം തുടരുന്നതാണ്. കാലവർഷക്കെടുതികളെ സംബന്ധിച്ച് 1-6-2006-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജില്ലാ കളക്ടർമാരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും

യോഗം വിളിച്ചുചേർത്ത് വിശദമായി ചർച്ച നടത്തുകയും വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ധനസഹായം ലഭിക്കുന്നതിനായി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും എം.പി.മാരും ഉൾക്കൊള്ളുന്ന സംഘം പ്രധാനമന്ത്രിയേയും, കേന്ദ്ര ആഭ്യന്തര മന്ത്രിയേയും ബന്ധപ്പെട്ടവരേയും കണ്ട് മെമ്മോറാണ്ടം സമർപ്പിക്കുന്നതിനും കേന്ദ്രസഹായം അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കാലവർഷക്കെടുതിമൂല മുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വളരെ കുറവായതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള കേന്ദ്ര മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് മുഖ്യമന്ത്രി തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് എടുക്കേണ്ട നടപടികൾ എല്ലാം എടുത്തുകഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ കാലവർഷ ക്കെടുതികൾക്ക് യു.ഡി.എഫ്. സർക്കാർ 350 കോടി രൂപ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടപ്പോൾ വെറും 5 കോടി രൂപ മാത്രമാണ് ലഭിച്ചത്. അതുകൊണ്ട് കഴിഞ്ഞവർഷത്തെ കണക്കിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ട്. കാലവർഷം തുടങ്ങുന്ന സാഹചര്യത്തിൽ സർക്കാരിന്റെ എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ കുറ്റമറ്റ വിധത്തിൽ നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാർക്ക് അനുവദിച്ച സംഖ്യ അവർക്ക് കിട്ടിയതായി ഉറപ്പു വരുത്തിയിട്ടുണ്ട്. എവിടെയെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ എഴുതിത്തന്നാൽ പരിശോധിക്കുന്നതാണ്. മരണപ്പെട്ട 60 പേരുടേയും വീടുകളിൽ 50,000 രൂപ വീതം എത്തിച്ചുകഴിഞ്ഞു.

(7) ആലപ്പുഴ സ്പിന്നിംഗ് മിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. സി. വേണുഗോപാൽ : ആലപ്പുഴ ജില്ലയിലെ കേരള സ്പിന്നിംഗ് മിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി അടച്ചിട്ടിരിക്കുന്നതുമൂലം ആയിരക്കണക്കിന് തൊഴിലാളികളും അവരുടെ കുടുബാംഗങ്ങളും വളരെയേറെ ബുദ്ധിമുട്ടനുഭവിച്ചു കൊണ്ടിരിക്കുകയാണ് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് തൊഴിലുടമയും തൊഴിലാളി പ്രതിനിധികളും തമ്മിലുണ്ടാക്കിയ ധാരണയനുസരിച്ച് ഇലക്ട്രിസിറ്റി ചാർജ്ജിന്റെ കാര്യത്തിലും ടാക്സിന്റെ കാര്യത്തിലും വൺറ്റൈം സെറ്റിൽമെന്റുണ്ടാക്കാമെന്നും കെ.എസ്.ഐ.ഡി.സി.യിൽ നിന്നും 5 കോടിരൂപയുടെ സഹായം കൊടുക്കണമെന്ന് ക്യാബിനറ്റിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തുവെങ്കിലും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതുകാരണം നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പാവപ്പെട്ട തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് പ്രസ്തുത മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : ആലപ്പുഴ സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് 15.2.2006-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിലുണ്ടായ തീരുമാനം നടപ്പാക്കാൻ ഉത്തരവായിട്ടുണ്ട്. 31.5.2006-ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്നു വർഷത്തേയ്ക്ക് വൈദ്യുതി ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കുക പൂട്ടിക്കിടന്ന കാലത്തേയും വൈദ്യുതി ഉപയോഗിക്കാതിരുന്നപ്പോഴത്തേയും ചാർജ്ജ് ഒഴിവാക്കി സ്ഥാപനം ഉപയോഗിച്ച വൈദ്യുതിക്കു മാത്രമേ ചാർജ്ജ് ഈടാക്കാവൂ എന്ന് വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുകയും യഥാർത്ഥത്തിൽ ഉപയോഗിച്ച വൈദ്യുതിയുടെ കുടിശിക തുക കണക്കാക്കി

6 ശതമാനം പലിശ മാത്രം ഈടാക്കുവാൻ ബോർഡിന് അനുമതി നൽകുകയും കുടിശിക 12 ത്രൈമാസ തവണകളായി അടയ്ക്കാനും ഒന്നാമത്തെ തവണ ലഭിച്ചാലുടൻ വൈദ്യുതി ബന്ധം പുനസ്ഥാപിക്കുന്ന താണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം നിർമ്മാണം ആരംഭിക്കുന്നതുമുതൽ സ്ഥാപനത്തെ മൂല്യവർദ്ധിതനികുതിയിൽ നിന്നും, വാങ്ങൽ നികുതിയിൽ നിന്നും മൂന്നു വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. കമ്പനിയെ പുനരുദ്ധരിക്കുന്നതിന് കാര്യക്ഷമവും വിജയസാധ്യതയുമുള്ള നിർദ്ദേശം കമ്പനി സമർപ്പിച്ചാൽ വായ്പ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാമെന്ന് കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ ഉറപ്പ് നൽകിയിട്ടുണ്ട്. സ്ഥാപനം തുറക്കാനുള്ള സാഹചര്യം ഉണ്ടാകുമെന്നാണ് കരുതുന്നത്.

(8) <u>തൃശൂർ ജില്ലയിലെ ബാങ്ക് കൊള്ളയും മോഷണവും</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ :</u> തൃശൂർ ജില്ലയിലെ മോഷണ പരമ്പര യിൽ ജനങ്ങൾ വളരെയേറെ അസ്വസ്ഥരാണ്. കൊടുങ്ങല്ലൂരിലെ ലോർഡ് കൃഷ്ണാ ബാങ്ക്, മണലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവിടങ്ങളിൽ നിന്നും ലക്ഷക്കണക്കിന് രൂപയുടെ മോഷണം നടക്കുകയുണ്ടായി. നിരവധി പള്ളികളും അമ്പലങ്ങളും വീടുകളും വ്യാപാര സ്ഥാപനങ്ങളുമെല്ലാം ചുരുങ്ങിയ ഒരു മാസത്തിനുള്ളിൽ കൊള്ള ചെയ്യപ്പെട്ടതുകാരണം ജനങ്ങൾ ഭീതിയിലാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമുണ്ടാകുന്ന സാഹചര്യമുണ്ടാകണം. പോലീസു കാരുടെ എണ്ണം കുറവായതുകൊണ്ട് രാത്രികാല പട്രോളിംഗ് നടക്കുന്നില്ല. തൃശൂർ ജില്ലയിൽ പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 22.5.2006 നു രാത്രി കൊടുങ്ങല്ലൂരിലെ ലോഡ് കൃഷ്ണാ ബാങ്കിൽ നടന്ന കവർച്ച സംബന്ധിച്ച് കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരിങ്ങാലക്കുട ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക പോലീസ് ടീമിനെ നിയോഗിച്ച് മോഷ്ടാക്കളെ കണ്ടെത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. അന്തിക്കാട് കാഞ്ഞാണിയിൽ പ്രവർത്തിക്കുന്ന മണലൂർ സഹകരണ ബാങ്ക് ശാഖയിൽ 28.5.2006-ൽ നടന്ന മോഷണം സംബന്ധിച്ചും അന്തിക്കാട് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃശൂർ ഡിവൈ.എസ്.പി, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക പോലീസ് സ്ക്വാഡിനെ നിയോഗിച്ച് മോഷ്ടാക്കളെ കണ്ടെത്തുന്നതിന് ഊർജ്ജിതമായ ശ്രമം നടന്നുവരുന്നു. തൃശൂർ ജില്ലയിലെ മോഷണങ്ങളും മറ്റ് കുറ്റകൃത്യ ങ്ങളും തടയുന്നതിന് രാത്രികാലങ്ങളിൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക പോലീസ് സംഘം റോന്ത് ചുറ്റണമെന്നും വാഹന പരിശോധന നടപടികൾ കർശനമാക്കണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചെയ്തിട്ടുണ്ട്. തൃശൂർ ജില്ലയിൽ പോലീസിന്റെ അംഗസംഖ്യയുടെ കുറവ് പരിഹരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുകയും വാഹനപരിശോധന ശക്തിപ്പെടുത്തി മോഷണം തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുവാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(9) മാള മണ്ഡലത്തിലെ തുരുത്തിപ്പറമ്പ് പള്ളിവികാരി ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ കൊലപാതകം

ശ്രീ.എ.കെ.ചന്ദ്രൻ: മാള നിയോജകമണ്ഡലത്തിലെ തുരുത്തിപ്പറമ്പ് പള്ളി വികാരി ഫാദർ ജോബ് ചിറ്റിലപ്പിള്ളി 2004 ഓഗസ്റ്റ് 28-ന് കൊലചെയ്യപ്പെട്ടു. തൃശൂർ ഡിവൈ.എസ്.പി. ഒരു പ്രതിയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്ത് ജയിലിലടച്ചുവെങ്കിലും യഥാർത്ഥ പ്രതികളെ പിടികൂടണമെന് ആവശ്യപ്പെട്ട് അയാൾ ജയിലിൽ നിരാഹാരം നടത്തി. ഈ സംഭവത്തിൽ ദുരൂഹത നിലനിൽക്കുന്നു. ഇപ്പോൾ കേസന്വേഷണം സി.ബി.ഐ.യെ ഏൽപ്പിച്ചുവെങ്കിലും സി.ബി.ഐ. അത്ഏറ്റെടുക്കാൻ തയ്യാറല്ലെന്നാണ് മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ ആഭ്യന്തരവകുപ്പ് മുൻകൈയെടുത്ത് പുതിയ ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏർപ്പെടുത്ത ഇതിന്റെ യാഥാർത്ഥ്യം വെളിച്ചത്തുകൊണ്ടുവരാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : 2004 ആഗസ്റ്റ് 28-ന് തൃശൂർ വരപ്രസാദമാതാ പള്ളിവികാരി ഫാദർ ജോബ് ചിറ്റിലപ്പിള്ളി പള്ളിക്കകത്തുവച്ച് കൊലചെയ്യപ്പെട്ടത് കേരളത്തെ നടുക്കിയ സംഭവമാണ്. ഇക്കാര്യത്തിൽ ചാലക്കുടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതൊരു കൊലപാതകമാണെന്ന് മനസ്സിലാക്കി രഘുവരൻ എന്ന രഘുകുമാറിനെ 2004 സെപ്റ്റംബർ 7-ന് പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ നിയോഗിച്ച് അറസ്റ്റിലായ പ്രതിയിൽനിന്നും ശാസ്ത്രീയമായി തെളിവു ശേഖരിക്കുന്നതിന് പ്രതിയെ ബാംഗ്ളൂരിലെ റീജിയണൽ

ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് വിധേയനാക്കി. ഇതു സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപത്തെത്തുടർന്ന് കേസ് സി.ബി.ഐ.യ്ക്ക് കൈമാറുന്നതിന് സംസ്ഥാന ഗവണ്മെന്റ് കേന്ദ്ര ഗവണ്മെന്റി നോടഭ്യർത്ഥിച്ചു. കേസിന്റെ സ്വഭാവം കണക്കിലെടുത്ത് കേസ് ഏറ്റെടുക്കാൻ സി.ബി.ഐ തയ്യാറല്ലായെന്ന് അറിയിച്ചിട്ടുണ്ട്. സി.ബി.ഐ.യുടെ തീരുമാനം പുന:പരിശോധിക്കണമെന്ന് 7.4.2006–ൽ ആഭ്യന്തര വകുപ്പ് കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെട്ടു. സി.ബി.ഐ. കേസന്വേഷണം ഏറ്റെടുക്കാൻ തയ്യാറാണോ എന്ന കാര്യം അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) <u>മരാമത്ത് വകുപ്പുമന്ത്രിക്കെതിരെ കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ചത് സംബന്ധിച്ച്</u>

:

<u>ശ്രീ. കെ. സുധാകരൻ</u> : കോഴിക്കോട് കൊയിലാണ്ടിയിലെ തെങ്ങളം റെയിൽവേ പാലത്തിന്റെ ഉത്ഘാടന വേളയിൽ മരാമത്ത് വകുപ്പുമന്ത്രിക്ക് എതിരെ കരിങ്കൊടിയുമായി പ്രതിഷേധ പ്രകടനം നടത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മുഖ്യമന്ത്രിയുടെയും മറ്റ് രണ്ട് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ സി.പി.ഐ.(എം) പ്രവർത്തകർ പോലീസ് നോക്കി നിൽക്കേ തല്ലിച്ചതച്ചു. ഗുരുതരമായി പരുക്കേറ്റ പ്രവർത്തകർ മരണവുമായി മല്ലിട്ട് ആശുപത്രിയിൽ കഴിയുകയാണ്. പോലീസുകാരുടെ കയ്യിൽനിന്ന് ലാത്തി വാങ്ങിയാണ് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ തല്ലിയത്. സ്വന്തം മകനെ മൃഗീയമായി മർദ്ദിച്ചതറിഞ്ഞ് ഒരു അച്ഛന് ഹൃദയാഘാതമുണ്ടായി.. അദ്ദേഹം അത്യാസന്ന നിലയിൽ കഴിയുകയാണ്. പ്രതികൾക്കെതിരെ വധശ്രമത്തിന് കേസ്സെടുക്കുന്നതിനുപകരം നിസ്സാര വകുപ്പ് ചാർജ് ചെയ്ത് കേസ്സെടുത്തിരി

ക്കുകയാണ്. ഇന്നലെ നാല് ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്ക് ജാമ്യം അനുവദിച്ചു. പോലീസിനെ നോക്കുകുത്തിയാക്കാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെ സത്വരവും കാര്യക്ഷമവുമായ നടപടി സ്വീകരിക്കണം. വധശ്രമത്തിനെതിരെ കേസ്സെടുത്ത് പ്രതികളെ മാതൃകാപരമായി ശിക്ഷിക്കണം. പ്രതിഷേധിക്കാനും സമരം ചെയ്യാനുമുള്ള അവകാശം സംരക്ഷിക്കപ്പെടണം.

ശ്രീ. പി.വിശ്വൻ: കൊയിലാണ്ടിയിലെ തെങ്ങളം റെയിൽവേ മേൽപ്പാലത്തിന്റെ ഉത്ഘാടനം കഴിഞ്ഞ് മുഖ്യമന്ത്രി മുന്നോട്ടുനീങ്ങുമ്പോൾ മുദ്രാവാക്യം വിളികളൊന്നുമില്ലാതെ അഞ്ചോളംപേർ കറുത്ത തുണിവീശി മുഖ്യമന്ത്രിയെ ആക്രമിക്കാൻ തുനിഞ്ഞു. അവിടെ പ്രതിഷേധ പ്രഖ്യാപനമോ അത് സംബന്ധിച്ച പോസ്റ്ററുകളോ ഇല്ലായിരുന്നു. കൊയിലാണ്ടിയിലെ മറ്റ് കോൺഗ്രസ് പ്രവർത്തകർക്കുപോലും ഇങ്ങനെ ഒരു സംഭവം നടക്കുമെന്ന് അറിയില്ലായിരുന്നു. മന്ത്രിമാരെ ആക്രമിക്കാൻവന്നവർക്കെതിരെയും ഇതിന് പ്രേരിപ്പിച്ചവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): 2006 ജൂൺ 12-ന് കോഴിക്കോട് കൊയിലാണ്ടി തെങ്ങളം റെയിൽവേ മേൽപ്പാലത്തിന്റെ ഉത്ഘാടന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം പങ്കെടുക്കാനെത്തിയ മരാമത്ത് വകുപ്പുമന്ത്രിക്കുനേരെ ഉത്ഘാടന ചടങ്ങ് വീക്ഷിക്കാനെത്തിയവരുടെ കൂട്ടത്തിൽ നിലയുറപ്പിച്ചിരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകർ മുദ്രാവാക്യം വിളിച്ചുകൊണ്ട് കരിങ്കൊടിവീശി. മേൽപ്പാലത്തിന്റെ ഉത്ഘാടനം കഴിഞ്ഞ് പൊതുയോഗസ്ഥലത്തേക്ക് എത്താനായി കാറിൽ കയറാൻ തുടങ്ങുമ്പോഴാണ് പ്രതിഷേധ പ്രകടനം ഉണ്ടായത്. തൽസമയത്ത് ജനക്കൂട്ടത്തിലെ ചിലർ പ്രകടനക്കാരുമായി വാക്കേറ്റവും ഉന്തുംതള്ളുമുണ്ടായി. പോലീസ് ഇടപെട്ട് ഇരുവിഭാഗ

ക്കാരേയും മാറ്റിനിർത്തി. കരിങ്കൊടി കാണിച്ച് ബഹളമുണ്ടാക്കിയ അഞ്ചു പേരെ കസ്റ്റഡിയിലെടുക്കുകയും കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കസ്റ്റഡിയിലെടുത്തവർക്ക് മതി യായ ചികിൽസ നൽകുന്നതിനുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദി ച്ചെന്ന പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ കണ്ടാൽ അറിയാവുന്ന 50 സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ. പ്രവർത്തകരുടെപേരിൽ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോട നുബന്ധിച്ച് നാല് സി.പി.ഐ. (എം) പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസന്വേഷണം ഊർജ്ജിതമായി നടന്നുവരുകയാണ്. പ്രതിഷേധ പ്രകടനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യത്തിനുനേരെ ഗവൺമെന്റ് കൈകടത്തില്ലെ ങ്കിലും നിയമം കയ്യിലെടുക്കുന്നതിന് ആര് ശ്രമിച്ചാലും അത് കർശനമായി തടയുന്നതാണ്.

**മേശപ്പുറത്ത് വച്ച കടലാസ്സുകൾ**.

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സു കൾ മേശപ്പുറത്തു വച്ചു.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ രാജു എബ്രഹാം, എൻ. രാജൻ, കെ. ബാബു എന്നീ അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ ഒന്നാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിലെ മലയാളം പരിഭാഷയിലെ തിരുത്ത്

ശ്രീ. പി.സി. ജോർജ്ജ്: ഈ സഭയിൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം നടന്നത് ഇംഗ്ലീഷിലാണ്. അതിൽ മലയാളം പരിഭാഷയിൽ

12–ാമത്തെ പാരഗ്രാഫിൽ തെറ്റ് വന്നിരിക്കുന്നു. ഇതിൽ കറക്ഷൻ ആവശ്യമാണ്.

മി.സ്പീക്കർ: മലയാളം പരിഭാഷയിൽ വന്ന പിശക് പരിശോധിച്ച് തിരുത്താനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കും.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: "2006 ജൂൺ 16–ാം തീയതി ഗവർണ്ണർ കേരള നിയമസഭയിൽ ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു എന്ന പ്രമേയം" അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ.ആനത്തലവട്ടം ആനന്ദൻ: സമസ്തമേഖലകളേയും തകർച്ച യിലേയ്ക്ക് നയിച്ച ഒരു ഭരണമായിരുന്നു യു.ഡി.എഫിന്റേത്. . കർഷകർ ആത്മഹത്യ ചെയ്യാനിടയായി. പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും പരമ്പരാഗതമേഖല നശിക്കുകയും ചെയ്തു. നാട്ടിലെങ്ങും കൊള്ളയും പിടിച്ചുപറിയും കൊലപാതകവും വർദ്ധിച്ചു. സ്ത്രീകളെ മാനഭംഗപ്പെടുത്തിയ ഒട്ടേറെ സംഭവങ്ങളുണ്ടായി. .ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ അതിന് മുമ്പുള്ള ഇടതുപക്ഷ മുന്നണിയുടെ ഭരണം കേരളത്തെ കടക്കെണിയിലാക്കിയ ഭരണമെന്ന് കാണിച്ചുകൊണ്ട് ധവളപത്രം ഇറക്കിയിരുന്നു. എന്നാൽ കഴിഞ്ഞ 45 വർഷക്കാലം മാറിമാറി വന്ന ഗവണ്മെന്റുകൾ വരുത്തിവച്ച കടത്തേക്കാൾ കൂടുതൽ കഴിഞ്ഞ 5 വർഷം കൊണ്ട് യു.ഡി.എഫ്. ഗവണ്മെന്റ് വരുത്തിവച്ചു. കരാറുകാർക്കും ക്ഷേമപദ്ധതികൾക്കുമായി 2,000 കോടി രൂപ കുടിശ്ശിക

കൊടുക്കാനുണ്ട്. കഴിഞ്ഞ 5 വർഷത്തെ മന്ത്രിസഭയുടെ ചരിത്രം പരിശോധിച്ചാൽ ഇത്രയേറെ മന്ത്രിമാർ കൊഴിഞ്ഞുപോയ കാലം വേറെയുണ്ടായിട്ടില്ല. വനം വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിക്ക് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ രാജിവയ്ക്കേണ്ടിവന്നു. അതിനുശേഷം സുപ്രീംകോടതിയിൽ അപ്പീൽ പോകാൻ മുഖ്യമന്ത്രി തയ്യാറായിയെങ്കിലും സുപ്രീംകോടതി വിധിയും മന്ത്രിക്ക് എതിരായിരുന്നു. ലോകായുക്തയുടെ വിധിയുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പുമന്ത്രിക്ക് രാജിവയ്ക്കേണ്ടിവന്നു. ഐസ്ക്രീം പാർലർ പെൺവാണിഭക്കേസ്സുമായി ബന്ധപ്പെട്ട് മറ്റൊരു മന്ത്രിക്ക് രാജിവയ്ക്കേണ്ടിവന്നു. വികസനത്തിന്റെ പേരിൽ അഴിമതിയാണ് നടന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിലുണ്ടായിരുന്നപ്പോൾ 1087 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ച സ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് 70 മെഗാവാട്ട് വൈദ്യുതി മാത്രമാണ് യു.ഡി.എഫ്. ഗവൺമെന്റ് ഉൽപ്പാദിപ്പിച്ചത്. 23,000-ൽപ്പരം കോടി രൂപയുടെ കടം വരുത്തിയതല്ലാതെ യാതൊരു വികസനവും നടത്തിയില്ല. വനസമ്പത്തും ഭൂമിയും കയ്യേറാൻ പ്രമാണിമാർക്ക് സൗകര്യം ചെയ്തുകൊടുത്തു. കോവളം കൊട്ടാരം വിറ്റ് കാശാക്കി. തിരുവനന്തപുരം പട്ടണത്തിൽ ഉദയകുമാർ എന്നയാളിനെ ലോക്കപ്പിലിട്ട് ഉരുട്ടിക്കൊന്നിട്ട് അയാളുടെ അമ്മയ്ക്ക് സാമ്പത്തികസഹായം നൽകാനോ വീട് വച്ചുകൊടുക്കാനോ യു.ഡി.എഫ്. ഗവണ്മെന്റ് തയ്യാറായില്ല .ഇത്തരത്തിലുള്ള കൊള്ളരുതായ്മകളുടെ ശിക്ഷയാണ് തെരഞ്ഞെടുപ്പിൽയു.ഡി.എഫ്-ന് കിട്ടിയത്. വികസന വിരോധികളെന്നാണ് കമ്മ്യൂണിസ്റ്റുകാരെ വിശേഷിപ്പി ക്കുന്നത്. ഇലക്ട്രോണിക്സ് രംഗത്ത് പുതിയ വ്യവസായസ്ഥാപനമായ കെൽട്രോൺ സ്ഥാപിച്ചത് കമ്മ്യൂണിസ്റ്റുഭരണകാലത്താണ്. മനുഷ്യാ

ദ്ധ്വാനത്തെ സഹായിക്കുന്ന തിനും നാടിന്റെ പുരോഗതിക്ക് ഉതകുന്നതുമായ യന്ത്രസംവിധാനത്തെ കമ്മ്യൂണിസ്റ്റുകാർ അനുകൂലിക്കും. കേരളത്തിൽ ഇന്ന് കാണുന്ന പുരോഗതിക്ക് കമ്മ്യൂണിസ്റ്റുകാർക്കാണ് പങ്കുള്ളത്. 1957–ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവണ്മെന്റ് കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമത്തിന്റേയും ഒഴിപ്പിക്കൽ നിരോധന നിയമ ത്തിന്റേയും ഫലമായിട്ടാണ് കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് തല ചായ്ക്കാനൊരിടവും ഒരു പിടി മണ്ണും കിട്ടിയത്. അന്യ രാജ്യങ്ങളിൽ പോയി കേരളത്തിലെ തൊഴിലാളികൾക്ക് പണിയെടുക്കാൻ അവസരം ഒരുക്കിക്കൊടുത്തതും പ്ളസ് ടൂ തലംവരെ സൗജന്യ വിദ്യാഭ്യാസം കൊടുത്തതും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ആയുരാരോഗ്യത്തിന്റെ കാര്യത്തിലും കേരളം മുമ്പിലായത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ നേട്ടമാണ്. വികസനവിരോധവും സ്വകാര്യ മൂലധനനിക്ഷേപത്തെ എതിർക്കുന്ന സമീപനവും ഉള്ളവരാണെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കുറിച്ച് പറയുന്ന ആക്ഷേപം. മാവൂർ റയോൺസ് പൂട്ടിയതും . കെൽട്രോൺ അടച്ചുപൂട്ടാൻ തീരുമാനിച്ചതും യു.ഡി.എഫ്.ന്റെ കാലത്താണ്. ഇപ്പോൾ കെൽട്രോ ണിന്റെ പല യൂണിറ്റുകളും ലേലത്തിന് വച്ചിരിക്കുകയാണ്. അതുകൊണ്ട് വികസനത്തിന്റെ പേരിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ കുറ്റം പറയാൻ പ്രതിപക്ഷത്തിന് അവകാശമില്ല. ന്യൂനപക്ഷ താത്പര്യങ്ങൾ സംരക്ഷിക്കുന്നത് ആരാണെന്ന് തെരഞ്ഞെടുപ്പ് ഫലം തെളിയിച്ചുകഴിഞ്ഞു. മാറാട് സംഭവമുണ്ടായതും നെയ്യാറ്റിൻകര ബിഷപ് ഹൗസ് ആക്രമിക്കപ്പെട്ടതും കോഴിക്കോട് കന്യാസ്ത്രീകൾ ആക്രമിക്കപ്പെട്ടതും മതപുരോഹിതന്മാരെ ആക്രമിച്ചതും യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന

കാലഘട്ടത്തിലാണ്. സ്ത്രീകളുടേയും കുട്ടികളുടേയും മാനം കാക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. വികസനമെന്നു പറയുന്നത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വികസനമാണ്. 10% വരുന്ന ധനിക ജനവിഭാഗത്തിന്റെ സംരക്ഷണമല്ല, മറിച്ച് 90% വരുന്ന ദരിദ്ര ജനവിഭാഗത്തിന്റെ താല്പര്യം സംരക്ഷിക്കുമ്പോഴാണ് വികസനം എന്ന ലക്ഷ്യം പൂർത്തിയാകുന്നത്. ആ നയത്തിൽ നിന്നും വ്യതിചലിക്കാതെ അക്ഷരംപ്രതി പാലിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകും. ക്ഷേമ പദ്ധതികളിൽ അധിഷ്ഠിതമായ ഒരു നയപരിപാടിയായിരിക്കും ഈ ഗവൺമെന്റ് നടപ്പാക്കുക.

(സർവ്വശ്രീ. കെ. എം. മാണി.,. റോഷി അഗസ്റ്റിൻ,. സി.എഫ്. തോമസ്,. തോമസ് ഉണ്ണിയാടൻ,. തോമസ് ചാഴികാടൻ, വി.കെ. ഇബ്രാ ഹിം കുഞ്ഞ്, അബ്ദുറഹിമാൻ രണ്ടത്താണി, സി.ടി.അഹമ്മദ് അലി, ീ. കെ. ശിവദാസൻ നായർ, സി.പി. മുഹമ്മദ്,. ജോസഫ് എം. പുതുശ്ശേരി, വർക്കല കഹാർ, വി. ഡി. സതീശൻ., ടി.എൻ. പ്രതാപൻ, കെ.സി. വേണുഗോപാൽ,.എ.പി. അനിൽ കുമാർ, ജോർജ്ജ് മേഴ്സിയർ, കെ.സി. ജോസഫ്,. കെ. സുധാകരൻ, ജി. കാർത്തികേയൻ, പ്രൊഫ.കെ.പി.തോമസ്, പ്രൊഫ.എൻ.ജയ രാജ് എന്നീ അംഗങ്ങൾ ഗവർണ്ണറുടെ നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. ജി. കാർത്തികേയൻ: നന്ദി പ്രമേയത്തെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഏതാണ്ട് ഒരുമാസം കഴിഞ്ഞുവെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും അവരവരുടെ പാർട്ടി യോഗങ്ങളിൽ പങ്കെടുത്തതുകാരണം ഭരണകാര്യങ്ങൾ നോക്കുന്നതിന് അനേക ദിവസങ്ങൾ അവർക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. നയപ്രഖ്യാപന

പ്രസംഗമെന്നു പറയുന്നത് ക്യാബിനറ്റ് തീരുമാനമെടുത്ത് ഒരു വർഷത്തേയ്ക്ക് ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച ഒരു ദിശാബോധമാണ്. കേരളത്തിൽ ഇനി വരാൻ പോകുന്ന കാലഘട്ടത്തിൽ മത തീവ്രവാദവും വർഗ്ഗീയതയും ഒരു മഹാദുരന്തമായി മാറാൻ പോകുകയാണ്. അതിനെതിരെ ഈ ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയുമെന്നുള്ള ഒരു വാചകമെങ്കിലും നയപ്രഖ്യാപനത്തിൽ പറയണമായി രുന്നു. യാതൊരു ദീർഘദർശനവുമില്ലാത്ത ഈ നയപ്രഖ്യാപന പ്രസംഗത്തിൽ വികസനത്തെക്കുറിച്ചോ വിദ്യാഭ്യാസത്തെക്കുറിച്ചോ കാർഷിക മേഖലയെക്കുറിച്ചോ ഒന്നും പറഞ്ഞിട്ടില്ല. ഇവിടെ കർഷകർ നേരി ടുന്ന പ്രധാനപ്പെട്ട പ്രശ്നം ഉല്പാദകന് ന്യായ വില കിട്ടുന്നില്ലായെന്നുള്ള താണ്. കേരളത്തിന്റെ സാമൂഹ്യ വ്യവസ്ഥയിൽ വളരെയധികം മാറ്റങ്ങളുണ്ടാ യിട്ടുണ്ട്. ആ മാറ്റങ്ങളുടെ ഉത്തരവാദിത്വം ഇരു മുന്നണികൾക്കുമുണ്ട്. ഒരു ഗവൺമെന്റിന്റെ നയങ്ങളോട് വിയോജിപ്പ് പ്രകടിപ്പിക്കാനുള്ള ജനങ്ങളുടെ അവകാശം ഒരു ജനാധിപത്യത്തിന്റെ പ്രത്യേകതയാണ്. എന്നാൽ ഈ അവകാശത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചോദ്യം ചെയ്യപ്പെടുന്ന തരത്തിലുള്ളതായിരുന്നു കോഴിക്കോട് സംഭവം. ഗവൺമെന്റുകൾ മാറിമാറി അധികാരത്തിൽ വരുമെങ്കിലും കിട്ടുന്ന അധികാ രത്തെ എങ്ങനെ വിനിയോഗിക്കുന്നു എന്നുള്ളതാണ് പ്രധാനമായിട്ടുള്ളത്. അധികാരം കിട്ടിയപ്പോൾ എൽ.ഡി.എഫ്. ആകെ മാറിയിരിക്കുന്നു. രാഷ്ട്ര ത്തിന്റെ വികസനത്തിനുവേണ്ടി ഇന്ത്യയുടെ രാഷ്ട്രപതിയായ ശ്രീ. എ.പി.ജെ. അബ്ദുൽകലാം കേരള നിയമസഭയിൽ 10 നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. മുൻ മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടി അന്നത്തെ പ്രതിപക്ഷനേതാവുമായി ചർച്ച ചെയ്ത് അവയുടെകൂടെ മറ്റു ചില പദ്ധതികൾ കൂടി ഉൾപ്പെടുത്തുകയു

ണ്ടായി. എന്നാൽ ഇവിടെ ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ അതിനെക്കുറിച്ച് യാതൊന്നും പറഞ്ഞിട്ടില്ല. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കൂട്ടിയതിന് തുടർച്ചയായി പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധിപ്പിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റിന് കോടിക്കണക്കിന് രൂപ നികുതിയിനത്തിൽ കിട്ടിയതായി പറഞ്ഞു. എന്നാൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഈ ഇനത്തിൽ സംസ്ഥാനത്തിന് കിട്ടുന്ന വില്പന നികുതി നിരക്ക് കുറച്ചതിലൂടെ കേരളത്തിൽ പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൽ കുറവുവന്നു. ജലചൂഷണത്തിനും മൾട്ടി നാഷണൽ കമ്പനികൾക്കുമെതിരെ സമരം ചെയ്യുകയും സ്വാശ്രയ കോളേജ് എന്ന ആശയവും ബി.ഒ.ടി. വ്യവസ്ഥയും കോള കമ്പനികളും കൊണ്ടുവരികയും ചെയ്തത് എൽ.ഡി.എഫ്. സർക്കാരാണ്. എന്നാൽ ബഹുരാഷ്ട്ര കമ്പനികൾ എന്നതുകൊണ്ടുമാത്രം ഈ കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുകയില്ല എന്ന നയം ഈ സർക്കാരിനില്ല എന്നാണ് ഇപ്പോൾ പറയുന്നത്. എല്ലാ കോർപ്പറേഷനിലും എ.ഡി.ബി. ലോൺ വാങ്ങി ഉപയോഗിക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചിരുന്നത്. കഴിഞ്ഞകാലത്ത് യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന പ്രീ-ഡിഗ്രി ബോർഡിനെതിരെ സമരം നടത്തിയ നിങ്ങൾ ആ പേരുമാറ്റി +2 എന്ന സംവിധാനം കൊണ്ടുവന്നതിലൂടെ സംസ്ഥാന ഗവൺമെന്റിന് അധികച്ചെലവ് മാത്രമേ വന്നിട്ടുള്ളു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമനം ലഭിച്ച അദ്ധ്യാപകർക്ക് ശമ്പളം നൽകിയത് യു.ഡി.എഫ്. സർക്കാരാണ്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോകുമ്പോൾ ഓവർഡ്രാഫ്റ്റും വെയ്സ് ആന്റ് മീൻസ് അഡ്വാൻസും ഇല്ലായിരുന്നു. കേരളത്തിന്റെ യഥാർത്ഥ സ്ഥിതി മറന്നുകൊണ്ടും പ്രശ്നങ്ങളിലേക്ക്

കടന്നുചെല്ലാതെയുമുള്ള ഒരു രേഖയാണ് ഈ നയപ്രഖ്യാപനം. യു.ഡി.എഫ്. സർക്കാരിന്റെ നയസമീപനംമൂലം മാത്രമാണ് മാറാട് വീണ്ടും കലാപഭൂമി ആകാതിരുന്നത്. സാമൂഹിക സാഹോദര്യവും വർഗ്ഗീയ തീവ്രവാദവും കേരളത്തിൽ വളരാതിരിക്കുന്നതിനും മുസ്ലീം ലീഗ് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

ശ്രീ. എൻ. അനിരുദ്ധൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കൃഷിക്കും പരമ്പരാഗത വ്യവസായങ്ങൾക്കും ഊന്നൽ നൽകി ക്കൊണ്ടുള്ളതും കാർഷിക രംഗത്തെ കെടുതികൾക്ക് അറുതി വരുത്തി കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു അർദ്ധ ജുഡീഷ്യൽ ഋണാശ്വാസ കമ്മീഷനെ നിയമിക്കുന്നതിനുമുള്ള നയങ്ങൾ അടങ്ങിയതാണ് ഈ നയപ്രഖ്യാപനം. മൂലധനത്തിന്റെ പരിധിവിട്ട സ്വാതന്ത്ര്യം ദു:സ്വാതന്ത്ര്യത്തിന് ഇടനൽകുന്നു. മാനവികതയിൽ അധിഷ്ഠിതമായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള നയപ്രഖ്യാപനം മൂലധന സമാഹരണത്തിന് അതിന്റേതായ പ്രാധാന്യം നൽകുന്നു. കാർഷിക, വിദ്യാഭ്യാസ, പൊതുജനാരോഗ്യ മേഖലയ്ക്കും ഇത് ഊന്നൽ നൽകുന്നു. നെഹ്രുവിന്റെ കാലഘട്ടം മുതൽ പരിപോഷിപ്പിച്ചുവന്ന ക്ഷേമരാഷ്ട്ര സങ്കൽപ്പം പുന:സംഘടിപ്പിക്കുക എന്നതാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. പാർപ്പിടമില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും പാർപ്പിടം ഉണ്ടാക്കും. വൈദ്യശാസ്ത്രരംഗത്ത് അടിസ്ഥാന ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തും. യു.ഡി.എഫ്. ന്റെ കാലത്തുണ്ടായിരുന്ന 7,246 കോടി രൂപയുടെ കടം 4,672 കോടി രൂപയാക്കി കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 1957–ൽ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ നയമാണ് കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് അടിസ്ഥാനമായത്. 15

ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ നൽകാമെന്ന തെരഞ്ഞെടുപ്പു പ്രകടനപത്രികയിലെ വാഗ്ദാനം യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയില്ല. മാറാട് കലാപത്തിലെ പ്രതികളെ ഒന്നര വർഷം കഴിഞ്ഞിട്ടും നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കഴിയാത്തതുമൂലം വീണ്ടും 9 ജീവൻ കൂടി യു.ഡി. എഫ്.-ന് ബലികൊടുക്കേണ്ടിവന്നു. ഇടതുപക്ഷജനാധിപത്യ മുന്നണി ഇക്കാലമത്രയുമെടുത്ത മതനിരപേക്ഷ നിലപാടിന്റെയും ജനപക്ഷത്തു നിന്നുകൊണ്ടുള്ള നയത്തിന്റെയും ഫലമായി ആളുകൾ കൂടുതൽ വോട്ട് ചെയ്ത് വിജയിപ്പിച്ചു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ക്രിയാത്മകമായി ഒന്നുമില്ലാത്ത നയപ്രഖ്യാപനമാണിത്. കേരള ജനതയുടെ ആശങ്കയ്ക്കും പ്രതീക്ഷയ്ക്കും വകയില്ലാതെ അസന്തുഷ്ടരായ അധികാര മോഹികളുടെ കൂട്ടായ്മയോടെയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുന്നത്. ഐക്യജനാധിപത്യമുന്നണി നടപ്പിലാക്കിയ സംവരണ പാക്കേജിനെപ്പോലും വളരെ വികലമായി ചിത്രീകരിച്ചതിനാൽ പിന്നോക്കക്കാ രുടെ ബാക്ക്‌ലോഗ് നികത്താൻ സാധിച്ചില്ല. അറബി അദ്ധ്യാപകരെ നിയമി ച്ചില്ല. സംവരണ കാര്യത്തിലും സ്വാശ്രയ കോളേജ് പ്രശ്നത്തിലും ചർച്ചകൾ നടത്തി. അഡ്മിഷന്റെ കാര്യത്തിൽ 50 ശതമാനം മെറിറ്റിലും 50 ശതമാനം മാനേജ്മെന്റിനും കൊടുക്കണമെന്ന നിലപാട് സ്വീകരിച്ച് നിയമം പാസ്സാ ക്കിയത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ്. അതിനെ വ്യത്യസ്ത മായ രീതിയിൽ സ്പ്ലിറ്റ് ചെയത് പുതിയ കരട് നിയമമുണ്ടാക്കിയിട്ടുള്ളതിന് ഭരണഘടനാപരമായ പിൻബലമുണ്ടാകണം. അല്ലെങ്കിൽ ആ നിയമവുമായി മുന്നോട്ട് പോകാൻ പറ്റില്ല. ഈ സെപ്റ്റംബർ 30-നകം പ്രവേശനം പൂർത്തീ കരിക്കണമെന്ന് കേന്ദ്ര കമ്മിഷനും ജസ്റ്റിസ് കെ.ടി.തോമസ് കമ്മിഷനും

വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീം കോടതിയുടെ അവധിക്കാല ബഞ്ചിൽ കേസ് വന്നപ്പോൾ കാര്യക്ഷമമായി ഇടപെട്ട് ഈ സർക്കാരിന് ഒരു ഇടക്കാല ഉത്തരവ് വാങ്ങാൻ സാധിച്ചിരുന്നുവെങ്കിൽ അടിയന്തിരമായി ഇപ്പോൾ ബില്ലുണ്ടാക്കേണ്ട അവസ്ഥ വരുമായിരുന്നില്ല. പാവപ്പെട്ട വിദ്യാർത്ഥികളുടെ ഭാവി ആശങ്കയിലും അവതാളത്തിലുമാണ്. പതിനയ്യായിരം പേർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിവച്ചത് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ഐ.ടി. ഡെസ്റ്റിനേഷനായ കൊച്ചിയിൽ നിന്ന് സ്മാർട്ട് സിറ്റിയെ ആട്ടിയോടിക്കുകയാണ്. 300 ഏക്കർ ഭൂമി കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറല്ല എന്നാൽ 1500 ഏക്കർ ഭൂമി കൊടുക്കാമെന്ന് പശ്ചിമബംഗാൾ ഐ.ടി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ സാധിച്ചിട്ടില്ല. പെട്രോൾ, ഡീസൽ വില വർദ്ധനവ് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് ചെയ്യണം. കരിമണൽ ഖനനത്തെ എതിർത്തിരുന്നവർ ഇപ്പോൾ നിശബ്ദത പാലിക്കുകയാണ്. എക്സ്പ്രസ്സ് ഹൈവേയ്ക്ക് പേര് മാറ്റിയിട്ടും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. പോലീസിന്റെ മൂന്നാംമുറ ഉപേക്ഷിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. എല്ലാ രംഗവും വിനാശകരമായ അവസ്ഥയിലേയ്ക്ക് നീങ്ങുകയാണ്. കടലോര മേഖലകൾ കത്തിയമരുകയാണ്. ഐ.എ.എസ്., ഐ.എഫ്.എസ്. ഓഫീസർമാർ നിരന്തര പരാതികൾ നൽകി കോടതി ശിക്ഷിച്ച അളുകളെ പേറിയവരാണ്. തീവ്രവാദികളുടെയും വർഗ്ഗീയ വാദികളുടെയും കൂട്ടുപിടിച്ച് അധികാരത്തിൽ വന്ന ഗവൺമെന്റാണിത്. കേരളത്തിലെ ജനങ്ങളുടെ വികാര– വിചാരങ്ങൾക്കൊത്ത് ഉയരാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികളായ അക്ഷയ, എഡ്യൂസാറ്റ്, സ്മാർട്ട് ക്ളസ്റ്റർ, കമ്മ്യൂണിക്കേറ്റീവ്

ഇംഗ്ളീഷ് തുടങ്ങിയവ പരീക്ഷിച്ച് വിജയംവരിച്ച് പുരസ്ക്കാരം ഏറ്റുവാങ്ങിയ വയാണ്. ഇതൊന്നും പുതിയ സംരംഭമല്ല. തുടങ്ങിവച്ച പദ്ധതികളെ കൂട്ടി ച്ചേർത്തിട്ട് പുതിയ നയപ്രഖ്യാപനമെന്ന രീതിയിലുള്ള നിലപാടിനോട് യോജി ക്കാൻ കഴിയില്ല.

ശ്രീ. കെ.പി. മോഹനൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലേയും ജനവിഭാഗങ്ങൾക്ക് സാമൂഹ്യ നീതി എന്ന മഹ ത്തായ ആശയം സംസ്ഥാനത്ത് നടപ്പിലാക്കി മുന്നോട്ടു പോകാൻ പ്രതിപക്ഷ മുൾപ്പെടെ സഹകരിക്കണം. ഈ നയപ്രഖ്യാപനം ഭൂരിപക്ഷം ജനങ്ങൾക്കും ഏറെ പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ് കഴിഞ്ഞ സർക്കാർ വൻകിട ക്കാരെ സഹായിച്ചു. ജനകീയ പദ്ധതികളെ യു.ഡി.എഫ്. സർക്കാർ അട്ടിമറി ച്ചു. പാവപ്പെട്ടവരെ മറന്നു. കർഷകത്തൊഴിലാളികൾക്കും പരമ്പരാഗത മേഖലയിലുള്ള തൊഴിലാളികൾക്കും കൊടുക്കാനുള്ള ക്ഷേമ പെൻഷനുകൾ ഈ ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവരെ സഹായി ക്കാൻ അധികാര വികേന്ദ്രീകരണത്തിലൂടെ ധാരാളം ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി. പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാനുള്ള ശ്രമത്തെ എൽ. ഡി.എഫ്. സർക്കാർ ശക്തമായി പ്രതിരോധിച്ചതുകൊണ്ട് അതൊക്കെ ഇപ്പോഴും നിലനിൽക്കുകയാണ്. കൂടുതൽ യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടി.ച്ചു. വിദ്യാഭ്യാസം എങ്ങനെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോക ണമെന്ന് ഈ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് പൊതുജനാരോഗ്യ രംഗം പാടേ അവഗണിച്ചു. ആശുപത്രിക ളിൽ ഡോക്ടർമാരും മരുന്നുമില്ല എന്നുള്ള അവസ്ഥയായിരുന്നു. ഈ ഗവൺമെന്റ് അധികാരമേറ്റതു മുതൽ ഒരു നിയോജകമണ്ഡലത്തിലെ ഒരു ആശുപത്രി മാതൃകാ ആശുപത്രിയാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുമായി

മുന്നോട്ടുപോവുകയാണ്. കർഷകരെ സഹായിക്കാൻ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. വന സംരക്ഷണത്തിനുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ട് പോവുകയാണ്. കയർ, കശുവണ്ടി, കൈത്തറി, ബീഡി എന്നീ പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികളെ സംരക്ഷിക്കാനും മത്സ്യബന്ധന രംഗത്തെ കച്ചവടവൽക്കരണം അവസാനിപ്പിക്കാനുമുള്ള ശ്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണം സങ്കീർണ്ണമായ പ്രശ്നമായിരുന്നു. അത് മാറ്റി സ്വാശ്രയ മാനേജുമെന്റുകളെ നിലയ്ക്കുനിർത്തുവാനുള്ള നടപടികൾ ഗവൺമെന്റ് കൊണ്ടുവന്നു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇതിൽ യാതൊരു നയവുമില്ല, വ്യക്തതയുമില്ല. പരസ്പരവിരുദ്ധമായ കാര്യങ്ങളാണ് ഈ പ്രസംഗത്തിലുടനീളം പരാമർശിച്ചിരിക്കുന്നത്. ഭക്ഷ്യ വസ്തുക്കളുടെ വില ഉയർത്താൻ പോകുന്നതായാണ് അറിയാൻ കഴിഞ്ഞത്. സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വിൽപ്പന നികുതിക്ക് പകരം നിശ്ചയിച്ച നിരക്കിലുള്ള മൂല്യ വർദ്ധിത നികുതി കൊണ്ടുവന്നത് സംസ്ഥാന സർക്കാരിന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അനുകൂല സാഹചര്യം ഇല്ലാതാക്കി എന്നു പറയുന്നുണ്ട്. ഈ നികുതി സമ്പ്രദായം നടപ്പിലാക്കാൻ ഇൻഡ്യാ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ ചെയർമാൻ പശ്ചിമ ബംഗാളിലെ ധനകാര്യ മന്ത്രി ആയിരുന്നു. ആ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ നികുതി ഘടന ഇൻഡ്യയിൽ നടപ്പിലാക്കാൻ തീരുമാനമെടുത്തത്. വാറ്റിന്റെ കാര്യത്തിലും വ്യത്യസ്തമായ നിലപാടാണ്. പ്രത്യേകിച്ച് ഒരു നയസമീപനമില്ലാതെ എല്ലാ കാര്യങ്ങളിലും മാറ്റം വരുത്തി മുന്നോട്ടുപോവുകയാണ്. . പറഞ്ഞകാര്യങ്ങളിൽ

ഉറച്ചുനിന്ന് മുന്നോട്ടുപോകാൻ കഴിയാതെ എതിർത്ത കാര്യങ്ങളിലെല്ലാം സന്ധിചെയ്ത് മുന്നോട്ടുപോകാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്.

ശ്രീ.സി.എം.ദിനേശ് മണി: നന്ദിപ്രമേയത്തെ പിൻതാങ്ങുന്നു. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള നയപ്രഖ്യാപനമാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ 'ജിം' പരാജയമായിരുന്നു. 'ജിം'-ന്റെ ഫലമായി ഒരു പുതിയ പ്രോജക്ടുപോലും സംസ്ഥാനത്ത് വന്നില്ല. യൂ.ഡി.എഫ്. ഗവൺമെന്റ് പുതുതായി ഒരു തൊഴിലവസരം പോലും സൃഷ്ടിച്ചില്ല. സ്മാർട്ട് സിറ്റിയുടെ പേരിൽ അഴിമതി നടത്താനാണ് കഴിഞ്ഞ ഗവൺമെന്റ് ശ്രമിച്ചത്. സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച എല്ലാ കാര്യങ്ങളും പുറത്തുകൊണ്ടുവരണം. കേരള വികസന പദ്ധതിക്കുവേണ്ടി കഴിഞ്ഞ 5 വർഷം നൽകിയ തുക ട്രഷറി ബാനിലുടെ ചെലവഴിക്കാൻ കഴിയാത്ത രീതിയിലാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളെ നശിപ്പിക്കുന്ന സമീപനമാണ് മുൻ ഗവൺമെന്റ് സ്വീകരിച്ചത്. തിരുവനന്തപുരത്തെ സ്വീവേജ് സംവിധാനം തകർന്നിരിക്കുന്നു. കൊച്ചിയിലെ സ്വീവേജ് സംവിധാനം പൂർത്തിയായിട്ടില്ല. ജെ.എൻ.യു.ആർ.എം-ൽ. നിന്നും കൊച്ചി സിറ്റിക്കും തിരുവനന്തപുരം സിറ്റിക്കുംവേണ്ടി കിട്ടേണ്ട 1500 കോടി രൂപ വാങ്ങിക്കാൻ കഴിഞ്ഞ ഗവൺമെന്റ് ഒന്നും ചെയ്തില്ല. കേരളത്തിന് ലഭ്യമാക്കേണ്ട ആനുകൂല്യങ്ങൾ സ്വരൂപിക്കാൻ ജാഗ്രതയോടുകൂടിയുള്ള സമീപനം സ്വീകരിച്ചില്ല. പരമ്പരാഗത വ്യവസായ മേഖലയിലേയ്ക്ക് തിരിഞ്ഞുനോക്കിയിട്ടില്ല. പ്രസിഡന്റ് പ്രഖ്യാപിച്ച 10 ഇനപരിപാടി നടപ്പിലാക്കാൻ പോലും കഴിഞ്ഞ ഗവൺമെന്റ് ഒന്നും ചെയ്തില്ല. കേരള വികസനത്തെ സംബന്ധിച്ച് യാഥാർത്ഥ്യബോധത്തോടുകൂടിയ സമീപനം സ്വീകരിക്കാൻ യൂ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

അതിൽനിന്നും വ്യത്യസ്തമായി യാഥാർത്ഥ്യബോധത്തോടുകൂടിയ നയ പ്രഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

ശ്രീ.മോൻസ് ജോസഫ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള ഒരു നയപ്രഖ്യാപനമാണ് ഗവർണ്ണർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മൈത്രീ ഭവനനിർമ്മാണ പദ്ധതിയിലൂടെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് പാവപ്പെട്ടവർക്ക് 2,80,696 വീടുകൾ നിർമ്മിച്ചു നൽകി. നിയമസഭയിൽ കക്ഷിഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ജനപ്രതിനിധികളെ വീടുനിർമ്മാണത്തിന്റെ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചത്. കേരളത്തിലെ ജനങ്ങളേയും ചെറുപ്പക്കാരേയും കൃഷിക്കാരേയും വിദ്യാർത്ഥികളേയും വഞ്ചിച്ച, സമസ്ത മേഖലയേയും തകർത്ത ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്.

ശ്രീ.കെ.ബി.ഗണേഷ്കുമാർ : നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതി നടത്തിയ ഉദ്യോഗസ്ഥരെ ഈ ഗവൺമെന്റ് വീണ്ടും ഉന്നത സ്ഥാനങ്ങളിൽ നിയമിക്കുകയാണ് മൈത്രി ഭവന പദ്ധതി നടത്തിപ്പിൽ ഉണ്ടായ അഴിമതി ജനങ്ങൾ അറിയണം. അതിനെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തണം. കേരളത്തിൽ വളർന്നുവരുന്ന മണൽ മാഫിയാ സംഘങ്ങൾക്കും ജല ചൂഷണത്തിനും തീരദേശ കയ്യേറ്റത്തിനുമെതിരെ മുൻ പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങളൊന്നും അദ്ദേഹം മുഖ്യമന്ത്രിയായ ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ശ്രീ.എ.എ.അസീസ്: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ദുർഭരണം നടത്തി അഴിമതി മാത്രം മുഖമുദ്രയാക്കിയ ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ 5 വർഷം കേരളം ഭരിച്ചിരുന്നത്.

വാഗ്ദാനങ്ങളിൽ നിന്നും ഒളിച്ചോട്ടം നടത്തിയ ഗവൺമെന്റായിരുന്നു അത്. ഒരിക്കലും നടപ്പാക്കാൻ കഴിയാത്ത പാക്കേജുകൾ ് ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ചുകൊണ്ട് പരമ്പരാഗത വ്യവസായ മേഖലയെ ശവപ്പറമ്പാക്കുന്ന ഒരു നയമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നത്. വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഏതാണ്ട് 20 മാസം വിതരണം ചെയ്യാതെ ആ പണം വകമാറ്റി ചെലവഴിക്കുകയാണുണ്ടായത്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ നഷ്ടത്തിലാക്കുന്നതിനും ലാഭകരമായി പ്രവർത്തിച്ചിരുന്ന പൊതുമേഖലാസ്ഥാപനങ്ങളെ നഷ്ടത്തിലാക്കുന്നതിനും സഹായകരമായ നടപടികളാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നത്. മാത്രമല്ല വൻകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷമുണ്ടായി. മൂന്ന് ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളെ വിസ്മരിച്ച ഒരു ഗവൺമെന്റായിരുന്നു കേരളം ഭരിച്ചിരുന്നത്. ചൂഷണത്തിന് വിധേയരായവർക്ക് നിയമപരമായ സംരക്ഷണം നൽകാൻപോലും യു.ഡി.എഫ്. സർക്കാർ തയ്യാറായില്ല. ജാതിയുടെ അടിസ്ഥാനത്തിൽ സമുദായ സംഘടനകൾക്ക് കോർപ്പറേഷനുകളുടേയും ബോർഡുകളുടേയും ചെയർമാൻസ്ഥാനം പങ്കിട്ട ഭരണമായിരുന്നു കേരളത്തിൽ യു.ഡി.എഫ്. നടത്തിയിരുന്നത്.

ശ്രീ.പി.സി.ജോർജ്: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കടക്കെണിയിൽപ്പെട്ട് കർഷകർ ആത്മഹത്യ ചെയ്തപ്പോൾ അവരുടെ കുടുംബങ്ങൾക്കുവേണ്ടി മുൻ സർക്കാർ ഒന്നും ചെയ്തില്ല. എന്നാൽ ഇക്കാര്യത്തിൽ കർഷകർക്ക് ആശാവഹമായ തീരുമാനങ്ങളാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചത്. വർഗ്ഗീയതയുടെ പേരിൽ 18 മനുഷ്യ ജീവിതം നഷ്ടമായത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്.

അഴിമതിക്കാരായ മന്ത്രിമാർക്കെതിരെ യാതൊരു അന്വേഷണവും നടത്താതെ അവരെ സംരക്ഷിക്കുന്ന നയമാണ് യു.ഡി.എഫ്.സർക്കാർ സ്വീകരിച്ചത്.

ശ്രീ.പി.കൃഷ്ണപ്രസാദ്: നന്ദി പ്രമേയത്തെ പിന്താങ്ങുന്നു. ആരോഗ്യ മേഖലയിലും കാർഷിക മേഖലയിലും നാം പിന്നോട്ടു പോകുകയാണ്. കാർഷിക മേഖലയിൽ ഉൽപ്പാദന ചെലവിലുണ്ടായ വർദ്ധനവും വിലത്തകർച്ചയും കാരണം കടക്കെണിയിൽപ്പെട്ട് അനേകം കർഷകർ ആത്മഹത്യ ചെയ്തു. അത്തരം കൃഷിക്കാരുടെ കുടുംബങ്ങളുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളാനുള്ള ഈ ഗവൺമെന്റിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കാർഷിക മേഖലയിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയം കേരളത്തിന്റെ വർത്തമാനകാല പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കുന്നതിന് ഏറ്റവും ശാസ്ത്രീയമായ ഒന്നാണ്. വയനാട് ജില്ലയിൽ "വൻകിട ഭക്ഷ്യ സംസ്ക്കരണ പാർക്ക്" സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. കാർഷിക മേഖലയോടൊപ്പം വ്യാവസായിക മേഖലയും വളരണം.; ആധുനിക വ്യവസായങ്ങൾ കേരളത്തിൽ വളരണം; വ്യവസായ മേഖലയുടെ വളർച്ചയ്ക്കുവേണ്ടി അടിസ്ഥാന പശ്ചാത്തല സൗകര്യ മുണ്ടാക്കുന്ന തിന് നടപടികൾ സ്വീകരിക്കുമെന്നും, കാർഷിക വിളകളെ ബാധിക്കുന്ന രോഗങ്ങളെ തടയുന്നതിനുവേണ്ടി പുതിയ പദ്ധതി രൂപീകരിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. നെൽക്കൃഷി സംരക്ഷിക്കുന്നതിനുവേണ്ടി പാഡി ബോർഡ് രൂപീകരിക്കുമെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഇന്ന് നിലനിൽക്കുന്ന കച്ചവട മനോഭാവത്തെ നിയന്ത്രിക്കുന്ന

തിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെതന്നെ ഒരു നിയമനിർമ്മാണം കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചു. ഐ.ഐ.ടി. അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള നടപടിയും ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മൈത്രി ഭവന പദ്ധതിപ്രകാരം 2,80,000 വീടുകൾ നിർമ്മിച്ചു കൊടുത്തതിൽ ആയിരം കോടി രൂപയുടെ അഴിമതി നടന്നുവെന്ന് പറയുമ്പോൾ ആയിരത്തിലേറെ കോടിരൂപയുടെ വീടുകൾ ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത പ്രതിപക്ഷത്തിന് കാണാൻ കഴിയണം. തത്വാധിഷ്ഠിത നിലപാട് സ്വീകരിക്കുമെന്ന് പറഞ്ഞത് ശരിയാണെങ്കിൽ അഴിമതിയും ക്രമക്കേടും ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള കൂട്ടായ ശ്രമം ഉണ്ടാകണം. ഇൻഫർമേഷൻ ടെക്നോളജി, ടൂറിസം രംഗങ്ങളിൽ വ്യക്തമായ പദ്ധതികളാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. ഐ.ടി. മേഖലയിൽ കേരളത്തിന്റെ താല്പര്യങ്ങൾക്ക് ഗുണകരമായ വിധത്തിലുള്ള നിക്ഷേപങ്ങൾ നടത്തുന്നതിന് നിരവധി കമ്പനികൾ സന്നദ്ധമായി വന്നിട്ടുണ്ട്. ടൂറിസം മേഖലയിൽ നിരവധി തൊഴിലവസരങ്ങളും വരുമാനമുണ്ടാക്കിയെ ടുക്കാവുന്ന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനുവേണ്ടി സർക്കാർ കർക്കശമായ നിലപാട് സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അഴിമതിരഹിതമായ ഭരണം കാഴ്ചവയ്ക്കാൻ സർക്കാരിന് കഴിയും. കേരളത്തിന്റെ പ്രതിസന്ധി പരിഹരിക്കാനുള്ള അടിസ്ഥാനപരമായ കാഴ്ചപ്പാട് എന്നു പറയുന്നത് കാർഷിക വ്യവസായത്തിന് മുൻഗണന നൽകിക്കൊണ്ട് കേരളത്തെ വ്യവസായവൽക്കരിക്കുക എന്നുള്ളതാണ്. അതിനുവേണ്ടി ഐ.ടി. മേഖലയിൽ പൊതു കമ്പനികൾ കൊണ്ടുവന്നും കാർഷിക മേഖലയിലെ

പ്രതിസന്ധി പരിഹരിച്ചും വ്യവസായവൽക്കരണം പൂർത്തീകരിച്ചും വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ സാമൂഹ്യ നീതി ഉറപ്പുവരുത്തിയും സർക്കാർ മുന്നോട്ടുപോകണം.

<u>ശ്രീ.കെ.ടി..ജലീൽ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി വികസന സങ്കല്പത്തിൽ സ്ഥായിയായ മാറ്റം ഉണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക താല്പര്യങ്ങളെ അടിസ്ഥാനമാക്കി മാത്രമായിരുന്നു വികസന സങ്കല്പം ഇന്നുവരെ ചർച്ച ചെയ്യപ്പെട്ടിരുന്നതെങ്കിൽ അതിൽനിന്ന് വിഭിന്നമായി സാധാരണക്കാർക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ വികസന സങ്കല്പത്തെ പരിവർത്തിപ്പിക്കുക എന്ന അടിസ്ഥാനപരമായ ശ്രമമാണ് സംസ്ഥാനത്ത് നടക്കാൻ പോകുന്നത്. കാർഷിക-വ്യാവസായിക മേഖലകൾക്ക് പ്രാമുഖ്യം നൽകുമെന്ന പ്രഖ്യാപനത്തിലൂടെ ആ ധാരണ ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലം പൊതുമേഖലയും പൊതു വിദ്യാഭ്യാസ രംഗവും പൊതുജനാരോഗ്യ രംഗവും അവഗണിക്കപ്പെട്ട നിലയിലായിരുന്നു. ഈ കാലഘട്ടത്തിൽ നൂറിലധികം പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയുണ്ടായി. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ അവസാനിപ്പിക്കാനുള്ള ഒരു സംവിധാനമായിരിക്കണം സ്വാശ്രയ വിദ്യാഭ്യാസ രംഗം. കഴിഞ്ഞ സർക്കാർ സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ സാർവ്വത്രികവൽക്കരിക്കുകയും പൊതു വിദ്യാഭ്യാസത്തെ ദുർബലപ്പെടുത്തുന്ന നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. ഈ ഗവൺമെന്റ് സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് സാധാരണക്കാരുടെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം വിപുലപ്പെടുത്താൻ പോകുകയാണ്. വൈദ്യുതി ബോർഡിനെ സ്വകാര്യവൽക്കരിക്കില്ല. പൊതു വിദ്യാഭ്യാസത്തെ

ശക്തിപ്പെടുത്തുന്ന നിലപാടുമായി മുന്നോട്ടുപോകും, സ്വാശ്രയ മാനേജുമെന്റുകളുടെ ധിക്കാരപരമായ നടപടികൾക്ക് കൂച്ചുവിലങ്ങിടുന്ന നിയമനിർമ്മാണം കൊണ്ടുവരും, സംസ്ഥാനത്ത് ജലനയം പ്രഖ്യാപിക്കും, മെഡിക്കൽ യൂണിവേഴ്സിറ്റി, ഓപ്പൺ യൂണിവേഴ്സിറ്റി എന്നിവ സാർത്ഥകമാക്കും, സംസ്ഥാനത്ത് ആദ്യമായി യുവജന കമ്മീഷൻ രൂപീകരിക്കും തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഒന്നും പറയാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ല. മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതും 3258–ഓളം അംഗൻവാടികൾ തീരദേശ മേഖലയും കോളനികളുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്നതും ശ്ലാഘിക്കപ്പെടേണ്ട കാര്യങ്ങളാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ ശ്രദ്ധേയമായ കാര്യങ്ങളെ സത്യസന്ധതയോടെ കാണാനുള്ള സന്മനസ്സ് പ്രതിപക്ഷം കാണിക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പിന്നോക്ക വിഭാഗക്കാരുടെ പുരോഗതിക്കുവേണ്ടി നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സ്വാഗതാർഹമാണ്. താഴ്ന്ന സമുദായത്തിൽ നിന്ന് ഒരാളെ സഭാ നേതാവായി തെരഞ്ഞെടുത്തതും പിന്നോക്ക വിഭാഗക്കാർക്ക് പ്രത്യേകമായ ഒരു സ്കീം കൊണ്ടുവരാൻ തീരുമാനമെടുത്തതും പ്രശംസനീയമാണ്. തേയില, കാപ്പി, ഏലം, കുരുമുളക്, പാക്ക്, വാനില ഇവയുടെ വിലയിടിവുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ ഇത്തരം സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിപണനം നടത്തണം. കാർഷിക വായ്പ എഴുതിത്തള്ളാനും കിസാൻ ക്രെഡിറ്റ് കാർഡ്, നെല്ല് ഗോഡൗൺ, കേരസംഘം ഇവ ഉണ്ടാക്കാൻ നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. തോട്ടം തൊഴിലാളികൾക്ക്

ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും 2 ലക്ഷം പേർക്ക് പുതിയ തൊഴിൽ സാദ്ധ്യതകൾ ഏർപ്പടുത്തുമെന്നും പറഞ്ഞിരിക്കുന്നത് പ്രത്യാശാജനകമാണ്.

<u>ശ്രീ.കെ.വി.അബ്ദുൾഖാദർ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സാമൂഹ്യ നവോത്ഥാനത്തിനും ജനകീയ വിമോചനത്തിനുംവേണ്ടി പോരാടുന്നവരെ ആവേശം കൊള്ളിക്കുന്നതാണ് ഈ നയപ്രഖ്യാപനം. ആഗോളീകരണസിദ്ധാന്തം മാറ്റമില്ലാതെ നടപ്പിലാക്കേണ്ടതാണെന്നുള്ള തായിരുന്നു കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ നയരേഖ. ക്ഷേമരാഷ്ട്രം എന്ന മഹത്തായ ആശയം തകർത്തെറിയുകയും സാമൂഹിക സുരക്ഷിതത്വത്തിന്റെ ഉറപ്പുകൾ ഒന്നൊന്നായി ഇല്ലാതാക്കുകയുമാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. യു.ഡി.എഫ് ഭരണകാലത്ത് വർഗ്ഗീയ കലാപങ്ങളിൽ മരിച്ചുവീണവരുടെ എണ്ണം 18 ആണ്. പോലീസ് വെടിവെയ്പ്പിൽ മരിച്ചവർ, ലോക്കപ്പിൽ മരിച്ചവർ എല്ലാം യു.ഡി.എഫ് ഭരണത്തിന്റെ നേട്ടങ്ങളായി എടുത്തുപറയാം. ക്രമസമാധാനരംഗത്ത് അരാജകത്വമായിരുന്നു ഇവിടെ നടമാടിയിരുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് ഒരു നഗരസഭാ ചെയർമാൻ വധിക്കപ്പെട്ടത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. ഈ സംഭവത്തിനുശേഷം ചാവക്കാട്ട് എത്തിയ ജനാധിപത്യ മര്യാദകളെക്കുറിച്ച് ശക്തമായി സംസാരിക്കുന്ന അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കുട്ടി അഹമ്മദുകുട്ടിയും കൊല്ലപ്പെട്ട നഗരസഭാ ചെയർമാന്റെ വസതിയിൽ എത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കാനുള്ള മര്യാദപോലും കാണിക്കുക യുണ്ടായില്ല. കഴിഞ്ഞ ഭരണകാലത്ത് അധോലോക മാഫിയാ സംഘങ്ങളുടെ വിളയാട്ടമായിരുന്നു. തൃശൂർ ജില്ലയിൽ ഓരോ പഞ്ചായത്തിലും നടന്ന

എണ്ണിയാലൊടുങ്ങാത്ത കൊലപാതകങ്ങളും, അക്രമങ്ങളും പോലീസിന് നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല. ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ അധോലോക സംഘങ്ങളേയും മാഫിയ സംഘങ്ങളേയും നിയന്ത്രിക്കാൻ ശക്തമായ നടപടി സ്വീകരിക്കുമെന്നും ഒരു കാരണവശാലും പോലീസിന്റെ മൂന്നാംമുറ അനുവദിക്കില്ലെന്നും പറഞ്ഞിരിക്കുന്നത് അങ്ങേയറ്റം സ്വാഗതാർഹമാണ്. കേരളത്തിലെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ അനുഭവിക്കുന്ന യാതനകൾ ദൂരീകരിക്കുന്നതിനുള്ള പദ്ധതികൾ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭാവനാപൂർണ്ണമായ നടപടികളുണ്ടാകണം. തൊഴിൽ ഭീഷണി നേരിടുന്ന ഗൾഫ് രാജ്യങ്ങളിൽ ജോലി ചയ്യുന്ന ചെറിയ വരുമാനമുള്ള തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം അവരിൽനിന്ന് കോൺട്രിബ്യൂഷൻ സ്വീകരിച്ചുകൊണ്ട് ഗൾഫ് മലയാളി നിധി രൂപീകരിക്കുന്നത് ഗവണ്മെന്റിനും പ്രവാസി മലയാളികൾക്കും ആശ്വാസപ്രദമായിരിക്കും. ഇതിലൂടെ അവർ ഗൾഫിൽനിന്ന് തിരിച്ചുവരുമ്പോൾ പെൻഷൻപോലുള്ള ആനുകൂല്യങ്ങൾ കൊടുക്കാനും സർക്കാരിന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയും. മൂന്നു കോടിയിൽപരം ജനങ്ങൾ ഓരോ വർഷവും തീർത്ഥാടനത്തിനെത്തുന്ന ഗുരുവായൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്ര പരിസരത്തെ മാലിന്യ സംസ്ക്കരണപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഗുരുവായൂരിന്റെ വികസനത്തിന് പ്രത്യേക പദ്ധതികളുണ്ടാക്കുമെന്നുള്ളത് സ്വാഗതാർഹമാണ്.

<u>ശ്രീ. ജോർജ്ജ് മേഴ്സിയർ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. കാർഷിക കടാശ്വാസ നിയമത്തിലെ അപാകതകൾമൂലം സാധുക്കളായ

കർഷകർക്ക് കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. ഐ.ടി. മേഖലയിൽ രണ്ടുലക്ഷം പേർക്ക് പ്രത്യക്ഷമായും 6 ലക്ഷംപേർക്ക് പരോക്ഷമായും തൊഴിൽ നൽകുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അതിന് യാതൊരു വ്യക്തതയുമില്ല. ഈ ഗവണ്മെന്റിന്റെ ഹൈപ്പർ പൊളിറ്റിക്കലൈ സേഷനാണ് വികസനത്തിന് തടസ്സമായിരിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ സീറ്റുകളുടെ എണ്ണത്തിൽ കുറവുവന്നെങ്കിലും നിസ്സാരമായ വോട്ടുകളുടെ ഭൂരിപക്ഷമാണ് ഭരണകക്ഷിക്ക് ലഭിച്ചതെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്.

ശ്രീ. കെ. രാജു : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനങ്ങൾ അംഗീകരിച്ച പ്രകടനപത്രികയിലുള്ളതുതന്നെയാണ് നയപ്രഖ്യാപനത്തിലുമുള്ളത്. കാർഷികമേഖലയിൽ നടത്താൻ പോകുന്ന പരിഷ്ക്കാരങ്ങളെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് സ്വാഗതാർഹമാണ്. പാഡി ഫീൽഡ്, ക്രെഡിറ്റ് കാർഡ്, കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതുസംബന്ധിച്ച കാര്യങ്ങൾ എന്നിവയും കൃഷിക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള കാര്യങ്ങളുമെല്ലാം നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. വിത്ത്, വളം എന്നിവയ്ക്ക് സബ്സിഡി കൊടുത്തുകൊണ്ട് കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നല്ലതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സൂചനയും ഗവർണറുടെ പ്രസംഗത്തിലുണ്ട്. കശുവണ്ടിയുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിപ്പിക്കുമെന്നു പറഞ്ഞതിൽ തോട്ടം മേഖലയെ പ്രതിപാദിച്ചുകാണുന്നില്ല എന്നുള്ളത് പോരായ്മ തന്നെയാണ്.

<u>ശ്രീ. പി. ജയരാജൻ</u> : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി മാനിഫെസ്റ്റോയിൽ ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങളിലെ പൊതുവായ സമീപനമാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ രണ്ടര ദശാബ്ദക്കാലത്തിനിടയിൽ ഏറ്റവും മികച്ച വിജയമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ലഭിച്ചത്. കാർഷികമേഖലയെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ മുഴുവൻ വായ്പകളും എഴുതിത്തള്ളുമെന്നും സ്വകാര്യ പണമിടപാടുകാരിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അർദ്ധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു ഋണാശ്വാസ കമ്മീഷൻ രൂപീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് 2001 മുതൽ നടത്തിയിട്ടുള്ള നയപ്രഖ്യാപന പ്രസംഗങ്ങളിലെ വാഗ്ദാനങ്ങൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല. 40000 തൊഴിലാളികൾ പണിയെടുത്തിരുന്ന ബീഡി വ്യവസായത്തെ പരമ്പരാഗത വ്യവസായമായി യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നില്ല. വരുന്ന അഞ്ചുവർഷംകൊണ്ട് നടപ്പാക്കേണ്ടതും ചെയ്യാൻ കഴിയുന്നതുമായ കാര്യങ്ങളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ ഇപ്പോഴത്തെ പ്രത്യേകത അനുസരിച്ച് ഏതെല്ലാം വിഭാഗങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കണമെന്നുള്ള കാഴ്ചപ്പാടോടെ യാണ് നയപ്രഖ്യാപന പ്രസംഗം തയ്യാറാക്കിയിരിക്കുന്നത്. ഇലക്ഷൻ മാനിഫെസ്റ്റോ യിൽ പറഞ്ഞതനുസരിച്ച് ഇവിടെ തുടർന്നുവന്നിരുന്ന കഴുത്തറുപ്പൻ വിദ്യാഭ്യാസ നയത്തിൽ മാറ്റം വരുത്തിക്കൊണ്ടാണ് സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലടക്കം നിയന്ത്രണം കൊണ്ടുവരുന്നതിന് ഒരു പുതിയ നയത്തിന് ഈ ഗവൺമെന്റ് തുടക്കംക്കുറിച്ചത്. രണ്ട് സ്വാശ്രയ

പ്രൊഫഷണൽ കോളേജ് ഒരു ഗവൺമെന്റ് കോളേജിനു് തുല്യം എന്ന യു.ഡി.എഫ്.–ന്റെ തത്വം ആ ഗവൺമെന്റിന് നടപ്പാക്കാൻ കഴിഞ്ഞില്ല. ഇൻഡ്യയ്ക്കും ലോകത്തിനുതന്നെയും പലകാര്യങ്ങൾക്കും കേരളം മാതൃകയാണ്. സംസ്ഥാനത്തിന്റെ മുൻഗണനാ വിഷയങ്ങൾ പ്രത്യേകമായി പ്രഖ്യാപിച്ചുകൊണ്ട് അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന താണ് ഈ നയ പ്രഖ്യാപനം. ലോകത്തിന് മാതൃകയായ ഒന്നാണ് ദിനേശ് ബീഡി സഹകരണ സംഘം. അതിലെ തൊഴിലാളികൾക്ക് തുച്ഛമായ വേതനം നൽകുന്നതുകാരണം അവർ പട്ടിണിയിലാണ്. ബീഡി തൊഴിലാളികൾക്ക് മറ്റ് ജോലി നൽകിക്കൊണ്ട് വൈവിദ്ധ്യവൽക്കരണ പദ്ധതിക്ക് ആവശ്യമായ പണം ഈ ഗവൺമെന്റ് അനുവദിക്കുമെന്ന് വിശ്വസിക്കുന്നു. 1996–ൽ കാർഷിക രംഗത്ത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി സ്ഥാപിതമായ റബ്ക്കോയെ ഇന്ന് അവഗണിച്ചുകൊണ്ടിരിക്കുകയാണ്. ആവശ്യമായ സാമ്പത്തികസഹായം നൽകി അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

<u>ശ്രീ. കെ. ശിവദാസൻ നായർ :</u> നന്ദി പ്രമേയത്തെ എതിർക്കുന്നു. യാതൊരു നയവുമില്ലാത്ത ഇരുട്ടിൽ തപ്പുന്ന ഒരു നയപ്രഖ്യാപന മാണിവിടെ നടത്തിയിരിക്കുന്നത്. മൈത്രി ഭവന പദ്ധതിയിലെ ക്രമക്കേട് അന്വേഷിക്കുന്നതിന് വിജിലൻസ് ഉത്തരവിന് അനുമതി നൽകാതെയും എസ്.എൻ.സി. ലാവ്‌ലിൻ അഴിമതിയെ സംബന്ധിച്ച സി.ആന്റ് ഏ.ജി.യുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടും അന്തിമ റിപ്പോർട്ടും വന്നതിനുശേഷവും അത് സംബന്ധിച്ച് ഇന്നുവരെ യാതൊരു അഭിപ്രായവും പറയാത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അഴിമതിക്ക് എതിരെയുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കണം. അഭ്യസ്ത വിദ്യരുടെ

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുമെന്ന പ്രസ്താവനയുണ്ട്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കു മെന്ന് പറഞ്ഞിട്ട് ഇപ്പോൾ ദുബായ് ഇന്റർനെറ്റ് സിറ്റി അട്ടിമറിച്ച് അതിന്റെ പ്രവർത്തനം പശ്ചിമബംഗാളിലേക്ക് കൊണ്ടു പോകാനുള്ള ശ്രമം നടക്കുകയാണ്. സർക്കാർ ഏറ്റവും വലിയ ഊന്നൽ നൽകുന്നത് കാർഷിക മേഖലയ്ക്കാണെന്ന് പറഞ്ഞു. ക്രോപ് ഇൻഷ്വറൻസ് സ്കീം നടപ്പാക്കുമെന്ന് കൃഷി വകുപ്പുമന്ത്രി പ്രഖ്യാപിച്ചെങ്കിലും അത് സംബന്ധിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നില്ല. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് ഷെഡ്യൂൾസ് നാഷണലൈസ്ഡ് ബാങ്കുകളുടെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ അതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നാണ് അവർ പറഞ്ഞത്. സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്ത വായ്പകൾ എഴുതിത്തള്ളുമെന്ന് തീരുമാനിച്ചാൽ ആ തുക സഹകരണ ബാങ്കുകൾക്ക് തിരികെ നൽകാൻ ഗവൺമെന്റിന് കഴിയണം. ഒരു രൂപപോലും കൊടുക്കാൻ പദ്ധതിയില്ലാതെ കാർഷിക കടം എഴുതിത്തള്ളുമെന്ന് വൃഥാ പറഞ്ഞിരിക്കുകയാണ്. കാർഷിക കടങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. നബാർഡ് ഇതിനെതിരാണെന്ന് ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷനുണ്ടാക്കുമെന്ന് പറഞ്ഞുവെങ്കിലും അത് സംബന്ധിച്ച് യാതൊരു പഠനവും നടത്തിയിട്ടില്ല. കർഷകർക്ക് ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്ന നെല്ല് സംഭരണത്തെക്കുറിച്ച് യാതൊന്നും നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. കർണ്ണാടകയിൽ കൃഷിക്കാരന് 5 ശതമാനം നിരക്കിലാണ് ഗവൺമെന്റ് വായ്പ നൽകുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവിൽ ഗവൺമെന്റ് ഇരട്ടത്താപ്പ് നയം

സ്വീകരിക്കുന്നത് ശരിയല്ല. സഹകരണമേഖലയിൽ നിരവധി കോളേജുകൾ അനുവദിക്കുമെന്ന് സഹകരണ വകുപ്പുമന്ത്രി പ്രഖ്യാപിച്ചുവെങ്കിലും നയപ്രഖ്യാപനത്തിൽ അത് സംബന്ധിച്ച് യാതൊന്നും പറയുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ച സഹകരണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട റീ വൈറ്റലൈസേഷൻ സ്കീം നടപ്പാക്കുമോ ഇല്ലയോ എന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നില്ല. ഇവിടെ പട്ടാപ്പകൽപോലും കൊള്ളയടിയും കൊലയും നടന്നിട്ടും പോലീസിന് ഒരു പ്രതിയെപ്പോലും പിടികൂടാനായിട്ടില്ല. ഈ നിലയിലുള്ള പോലീസിന്റെ സമീപനം ക്രമസമാധാന നില തകർക്കും. ഓപ്പൺ യൂണിവേഴ്സിറ്റി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും അതിനെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നില്ല. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മക്കളെ അതേ സ്കൂളുകളിൽ പഠിപ്പിക്കണമെന്ന നിയമം ഉണ്ടായാൽ രാഷ്ട്രീയ നേതാക്കളുടെ മക്കളെക്കൂടി ആ സ്കൂളുകളിൽ പഠിപ്പിക്കാനുള്ള തീരുമാനമുണ്ടാകണം. തെങ്ങുകളെ സംരക്ഷിക്കുന്നതിന് കേരസമിതി രൂപീകരിക്കുമെന്ന് പറഞ്ഞു. വേരുചീയൽ രോഗത്തിൽനിന്ന് തെങ്ങുകളെ സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം കേര സമിതി രൂപീകരണത്തിനായി ദുരുപയോഗപ്പെടുത്തുകയാണ്. ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ നടപ്പാക്കുമെന്ന പ്രഖ്യാപനങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്.

സഭ വൈകുന്നേരം 4.55–ന് പിരിഞ്ഞു.

.....................